# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അരുവിക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/GP7/1595 /2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 11/01/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അരുവിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/TVM/GP7/1595 /2022 തീയ്യതി: 11/01/2023

## തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 22-08-2022 | 31-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-08-2022 | 31-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലതാകുമാരി.എം ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീമതി തനുജ എം എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രേഖ സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അമലാ ദേവ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കളത്തറ മധു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ഷിബു പ്രണാബ്.ആർ.എസ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ദീപ.ഐ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ.അഞ്ചുമിറിയം ജോൺ | മെഡിക്കൽ ഓഫീസർ (ഇൻ ചാർജ്ജ്) | 01-04-2021 | 31-03-2022 |
| ശ്രീമതി സൗമ്യ റാണി.ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ശാലിനി.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.ലിന്റാ ജോൺസ്.എസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.മൊഹസീന റഷീദ്.എ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ.ശ്രീകുമാർ.എസ് | ഹെഡ്മാസ്റ്റർ | 01-04-2021 | 31-05-2021 |
| ശ്രീമതി പ്രീത.കെ.വി | ഹെഡ് മിസ്ട്രസ്സ് (ഇൻ ചാർജ്) | 01-06-2021 | 26-10-2021 |
| ശ്രീമതി ബിന്ദു.സി.ആർ | ഹെഡ് മിസ്ട്രസ്സ് | 27-10-2021 | 31-03-2022 |
| ഡോ.വി.എൽ ഭാഗ്യലക്ഷ്മി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി കുമാരി ശ്രീദേവി.ഒ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 01-07-2021 |
| ശ്രീ.അനിയൻ.എ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 02-07-2021 | 31-03-2022 |
| ശ്രീമതി ലക്ഷ്മി.എം.ആർ | വി ഇ ഒ | 01-04-2021 | 31-03-2022 |
| ശ്രീ.അരുൺ കുമാർ എസ്.ആർ | വി ഇ ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി നസീയ ബീഗം.എ.എൻ | കൃഷി ഓഫീസർ | 01-04-2021 | 31-08-2021 |
| ശ്രീമതി അശ്വതി.കെ ശശിധരൻ | കൃഷി ഓഫീസർ | 01-09-2021 | 18-10-2021 |
| ശ്രീ.പ്രശാന്ത്.ബി | കൃഷി ഓഫീസർ | 18-10-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി സോഫിയ.എസ്.എസ് | ഫിഷറീസ് ഓഫീസർ | 01-04-2021 | 31-12-2021 |
| ശ്രീമതി ധന്യ.സി.വി | ഫിഷറീസ് ഓഫീസർ | 03-01-2022 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക- അപാകതകൾ | 1-2-1 |
| 5 | ഗ്രാന്റ് വിനിയോഗം | 1-3 |
| 6 | പദ്ധതി അവലോകനം | 1-4 |
| 7 | ക്ഷേമപദ്ധതികൾ | 1-5 |
| 8 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു. സർക്കാരിന് നഷ്ടം 210800/-രൂപ | 1-5-1 |
| 9 | സാമൂഹ്യ സുരക്ഷാ പെൻഷൻ, സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല | 1-5-2 |
| 10 | മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ/പെൻഷൻ വിതരണസ്ഥാപനത്തിനെ അറിയിക്കുന്നില്ല. | 1-5-3 |
| 11 | ജനന, മരണ,വിവാഹ രജിസ്റ്ററുകൾ കാലികമാക്കി പരിപാലിച്ചിട്ടില്ല. | 1-5-4 |
| 12 | തൊഴിൽ രഹിത വേതന വിതരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 1-5-5 |
| 13 | ക്യാഷ് വെരിഫിക്കേഷൻ | 1-6 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 16 | രേഖകൾ ലഭ്യമായില്ല | 1-8-1 |
| 17 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-9 |
| 18 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല | 1-10 |
| 19 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-11 |
| 20 | ലൈസൻസ് - അപേക്ഷകൾ പൂർണ്ണമല്ല. | 1-12 |
| 21 | തൊഴിൽനികുതി ഈടാക്കിയതിലെ അപാകങ്ങൾ | 1-13 |
| 22 | സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ- രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-14 |
| 23 | ഷോപ്പിംങ് കോംപ്ലക്സ് വാടക – കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-15 |
| 24 | അനുപൂരക പോഷകാഹാരം പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-16 |
| 25 | റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ കളക്ഷനായി രേഖപ്പെടുത്തിയിരിക്കുന്നു. | 1-17 |
| 26 | രസീത് പരിപാലനം തൃപ്തികരമല്ല. | 1-18 |
| 27 | ഹരിത കർമ്മസേന | 1-19 |

| | | |
|---|---|---|
| 28 | ലൈഫ് ഭവന നിർമ്മാണം-പൂർത്തിയാക്കിയിട്ടില്ല. | 1-20 |
| 29 | ലൈഫ് അനുബന്ധ പ്രവർത്തനങ്ങൾ-അപാകങ്ങൾ | 1-21 |
| 30 | ഭിന്ന ശേഷി വനിതകൾക്ക് പെട്ടിക്കട-രേഖകൾ ഹാജരാക്കിയില്ല-40,000/- രൂപ തടസ്സം ചെയ്യുന്നു. | 1-22 |
| 31 | ലൈഫ് പദ്ധതി-ഫണ്ട് വകയിരുത്തൽ-സർക്കാർ ഉത്തരവു പാലിച്ചില്ല. | 1-23 |
| 32 | ലൈഫ്-അധികം തുക നല്കി. | 1-24 |
| 33 | ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കി അടച്ചിട്ടില്ല | 1-25 |
| 34 | ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി-നടത്തിപ്പിൽ സുതാര്യതയില്ല | 1-26 |
| 35 | വസ്തു നികുതി പുനർ നിർണ്ണയം-കമ്മിറ്റി നടപടി മാതൃകാപരം | 1-27 |
| 36 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല-1948000 രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു. | 1-28 |
| 37 | വെള്ളക്കരം-KWA ബില്ലുകളിൽ പൊരുത്തക്കേട് | 1-29 |
| 38 | കന്നുകുട്ടി പരിപാലനം -632722/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. | 1-30 |
| 39 | ആസ്തി പരിപാലനം | 1-31 |
| 40 | പെരുവരമ്പ് പുലച്ച റോഡ് റീടാറിംങ്-പ്രവൃത്തി നടത്തിപ്പിലെ അപാകങ്ങൾ | 1-32 |
| 41 | നടപ്പിലാക്കാൻ തീരുമാനിച്ച സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കുന്നില്ല | 1-33 |
| 42 | ഗുണഭോക്തൃ സമിതി നിർവഹണം നടത്തുന്ന പദ്ധതികൾ - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 1-34 |
| 43 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലുമുള്ള അപാകതകൾ | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികളുടെ വിശദാംശം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പാ / വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ് / സർചാർജജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻഅവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-22-ലെ ബജറ്റ് 20/02/2021-ലെ 1ാം നം കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിച്ചു.

പ്രതീക്ഷിത വരവ് മുന്നിരിപ്പ് ഉൾപ്പെടെ 293597879/- രൂപയും, പ്രതീക്ഷിത ചെലവ് 280300348/- രൂപയും, നീക്കിയിരിപ്പ് 13297531/- രൂപയുമാണ്.

## 1-1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | സമയം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം (തീയതി ഉൾപ്പെടെ ) |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി IV ാം നമ്പർ തീരുമാനം , 18/12/2021 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് | 29/12/2021 |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനുവരി 25-ന് മുൻപ് | 16/2/2022 ൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗം, 15/3/2022 ൽ വികസന സ്റ്റാന്റിംഗ് കമ്മറ്റി യോഗം |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | 27/01/2022, 8/02/2022, 25/02/2022, 08/03/2022 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | 27/02/2022 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 17/03/2022 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | 23/03/2022 |

| | | | |
|---|---|---|---|
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 23/3/2022 |

സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കി ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

ആയത് ഫയലിൽ സൂക്ഷിക്കുന്നില്ല.

3.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [ Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review) നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2021-22 സാമ്പത്തിക വർഷത്തെ സംബന്ധിച്ച് ) നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനവും നടത്തിയിട്ടില്ല. മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി( എൻക്വയറി നമ്പർ - 17/27.08.2022)ക്ക് അടുത്ത സാമ്പത്തികവർഷം മുതൽ ഇത്തരത്തിലുള്ള അവലോകനം നടത്തുന്നതാണെന്ന് മറുപടി നൽകി.സമയബന്ധിതമായും സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായും ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 24.06.2022 | -- | -- |

## 1-2-1 വാർഷിക ധനകാര്യ പത്രിക- അപാകതകൾ

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 6 2-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62- 2 (എഫ് ) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ , 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 5നുള്ള മറുപടിയിൽ അടുത്ത സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക തയ്യാറാക്കുമ്പോൾ ആയതു കൂടി തയ്യാറാക്കി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

2. 2021-22 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി4 ഷെഡ്യൂൾ പ്രകാരം

Benificiary Contribution (320800101) ഇനത്തിൽ 1084026/- രൂപ നീക്കിയിരിപ്പുണ്ട്. ആയത് ചെലവഴിക്കാത്തതിന്

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 5നുള്ള മറുപടിയിൽ പ്രസ്തുത തുകയിൽ 1082900/-രൂപ ജലജീവൻ മിഷൻ പദ്ധതിയുടെ 637 ഗുണഭോക്താക്കൾ 1700/-രൂപ വീതം ഒടുക്കിയതാണെന്നും പദ്ധതി നടപ്പിലാക്കുന്ന മുറയ്ക്ക് കേരള വാട്ടർ അതോറിറ്റിയ്ക്ക് കൈമാറുന്നതാണെന്നും അറിയിച്ചിരിക്കുന്നു. പ്രസ്തുത തുകകൾ ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് .

3. 2021-22 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റിലെ B-18 Schedule പ്രകാരം Advance To Others ഇനത്തിൽ 1406324/- രൂപ നീക്കിയിരിപ്പുള്ളത് ക്രമീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 5നുള്ള മറുപടിയിൽ തൊഴിലുറപ്പ് ജീവനക്കാർക്ക് മുൻകൂറായി നൽകിയതാണെന്ന് അറിയിച്ചിരിക്കുന്നു.

Advance To Implementing Officers ഇനത്തിൽ 279178/-രൂപ നീക്കിയിരിപ്പുണ്ട്. ആയത് നാളിതുവരെ ക്രമീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 5നുള്ള മറുപടിയിൽ പ്രസ്തുത തുകയിൽ 200000/-രൂപ മെഡിക്കൽ ഓഫീസർക്ക് മഴക്കാല പൂർവ്വ ശുചീകരണത്തിനായി നൽകിയ തുക 16/4/22ന് 317115 നമ്പർ ചെക്ക് പ്രകാരം തിരികെ ലഭിച്ചിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു. ബാക്കി ക്രമീകരിക്കനുള്ള തുകയിൽ 24928/-രൂപ സാക്ഷരതാ പ്രേരക്ക് മാർക്ക് മുൻകൂറായി നൽകിയ തുകയും 54250/-രൂപ ടേക്ക് എ ബ്രേക്ക് പദ്ധതിയ്ക്കായി മുൻകൂറായി നൽകിയ തുകയാണെന്നും അറിയിച്ചിരിക്കുന്നു.

ജി.ഒ. (എം.എസ്.) 419/2011 ധനം 04.10.2011 പ്രകാരം മുൻകൂറുകൾ കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിശ്ചിത സമയത്തിനകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും തിരിച്ചുപിടിക്കേണ്ടതും തുക പിൻവലിച്ച തീയതി മുതൽ തിരിച്ചുപിടിക്കുന്ന ദിവസം വരെ 18 ശതമാനം നിരക്കിൽ പിഴ ഈടാക്കേണ്ടതുമാണ്. പ്രസ്തുത തുകകൾ അടിയന്തിരമായി ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4. 2019-20 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റിലെ B-15 Schedule പ്രകാരം Rent Receivables From Building (Current)ഇനത്തിൽ 340221/-രൂപയും Rent Receivables From Building (Arrear)ഇനത്തിൽ 44782/-രൂപയും പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ആയത് ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 5നുള്ള മറുപടിയിൽ വാടക കുടിശ്ശിക ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും ആയതിൽ 169826/- രൂപ ഈടാക്കിയിട്ടുള്ളതാണെന്നും അറിയിച്ചിരിക്കുന്നു. വാടക കുടിശ്ശിക ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് .

5.2021-22 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി4 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ നീക്കിയിരിപ്പുണ്ട്.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320100299 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്- കേന്ദ്ര ഗവൺമെന്റ് ഗ്രാന്റ് | 1084656 |
| 2 | 320100116 | കേന്ദ്രാവിഷ്കൃത പദ്ധതി-SSA | 159562 |
| 3 | 320100121 | കേന്ദ്രാവിഷ്കൃത പദ്ധതി- ICDS | 995800 |
| 4 | 320200111 | ഡെവലപ്പ്മെന്റ് ഫണ്ട് - CFC(tied) | 3307892 |
| 5. | 320200112 | ഡെവലപ്പ്മെന്റ് ഫണ്ട് - CFC(untied) | 100860 |
| 6. | 320200322 | സുചിത്വമിഷൻ ഗ്രാന്റ് | 2859356 |
| 7. | 320200399 | ഡെവലപ്പ്മെന്റ് ഫണ്ടിലും സംസ്ഥാന ആവിഷ്കൃത പദ്ധതിയിലും ഉൾപ്പെടാത്ത മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ | 974871 |

| | | | |
|---|---|---|---|
| 8. | 320300103 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ - ടോട്ടൽ സാനിറ്റേഷൻ | 200000 |
| 9. | 320300199 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ - മറ്റ് ഗവ.ഏജൻസികൾ | 305324 |

പ്രസ്തുത തുകകൾ ചെലവഴിക്കാത്തതിന് അല്ലാത്തപക്ഷം ആയത് ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ തിരികെ അടവാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 5നുള്ള മറുപടിയിൽ പ്രസ്തുത തുകകൾ നടപ്പ് സാമ്പത്തിക വർഷം ചെലവഴിക്കുന്നതാണെന്ന് അ റിയിച്ചിരിക്കുന്നു. പ്രസ്തുത തുകകൾ ചെലവഴി ച്ചതിന്റെയോ / ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ തിരികെ അടവാക്ക ിയതിന്റെയോ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് .

6. 2021-22 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്ക് ജില്ലാ പഞ്ചായത്ത് ബ്ളോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് വിഹിതമായി ലഭ്യമായതിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320700104 | ബ്ളോക്ക് പഞ്ചായത്തിൽ നിന്നും സംയുക്ത പ്രോജക്റ്റുകൾക്കുള്ള വിഹിതം (ക്യാപ്പിറ്റൽ) | 4081 |
| 2 | 320700204 | ബ്ളോക്ക് പഞ്ചായത്തുകളിൽ നിന്നും സംയുക്ത പ്രോജക്റ്റുകൾക്കുള്ള വിഹിതം (റവന്യൂ) | 200000 |

ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ ഏത് പദ്ധതിയുമായി ബന്ധപ്പെട്ടതാണ്. 23.01.17-ലെ ജി.ഒ(പി) 07/17/ധന നമ്പർ ഉത്തരവ് പ്രകാരം പ്രോജക്റ്റ് നിർവ്വഹണം നടത്താത്ത പക്ഷം പ്രസ്തുത പദ്ധതി സ്പിൽഓവർ ആയില്ലെങ്കിൽ നിർവ്വഹണം ഏറ്റെടുത്ത തദ്ദേശസ്ഥാപനം ജോയിന്റ് ആക്കൗണ്ട് മാർച്ച് 31-ന് മുൻപ് റിക്കൺസിലിയേഷൻ നടത്തി ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കേണ്ടതുമാണ്. പ്രസ്തുത തുകകളുമായി ബന്ധപ്പെട്ട പദ്ധതികൾ സ്പിൽ ഓവർ ആയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുവാനും ഇല്ലെങ്കിൽ ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറാത്തതിനും അക്കൗണ്ട് സീറോ ബാലൻസ് ആക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 5നുള്ള മറുപടിയിൽ ടി തുക തിരികെ ബ്ലോക്കിലേക്ക് ഒടുക്കി അക്കൗണ്ട് സീറോ ബാലൻസ് ആക്കു ന്നതാണെന്ന് അറിയിച്ചിരിക്കുന്നു. തുക തിരികെ ബ്ലോക്കിലേക്ക് ഒടുക്കി അക്കൗണ്ട് സീറോ ബാലൻസ് ആ ക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് .

7.ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (7141568), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (13048132/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല . ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 5നുള്ള മറുപടിയിൽ അപാകത പരിഹരിക്കുന്നതിന് ഐ.കെ.എം ന് റിപ്പോർട്ട് ചെയ്യുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

8.ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ആയതിന്റെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാ ക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 5നുള്ള മറുപടിയിൽ ലോൺ രജിസ്റ്റർ തയ്യാറാക്കി അടുത്ത ഓഡിറ്റ് വേളയിൽ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു .

9.RP- 40 B പ്രകാരം Treasury Special TSB- Joint Venture അക്കൗണ്ടിൽ 638987/-രൂപ ആണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്. എന്നാൽ, തൻവർഷ ബാലൻസ് ഷീറ്റ് (ബി4)പ്രകാരം Joint Venture Projects For Capital Expenditure- From Block Panchayat ഇനത്തിൽ 4081/- രൂപയും Joint Venture Projects For Revenue Expenditure- From Block Panchayat ഇനത്തിൽ 200000/- രൂപയും മാത്രമാണ് നീക്കിയിരിപ്പായി അവശേഷിക്കുന്ന ത്. Joint Venture അക്കൗണ്ടി ലും തൻവർഷ ബാലൻസ് ഷീറ്റ് (ബി4) ലും നീക്കിയിരിപ്പിൽ വ്യത്യാസം വന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 5നുള്ള മറുപടിയിൽ Treasury Special TSB- Joint Venture (A/C No. 79901140002299) അക്കൗണ്ട് നിലവിൽ Unoperable Account ആണെന്നും ടി അക്കൗണ്ടിൽ നിന്നും മുൻ കാലങ്ങളിൽ ചെലവഴിച്ച തുകകൾ മാറാൻ സാധിക്കാതെ അക്കൗണ്ടിൽ തിരികെ EPOC Clearance Bill വന്നതാണെന്ന് ട്രഷറിയിൽ നിന്ന് അറിയാൻ കഴിഞ്ഞെന്നും അയത് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തി തുടർനടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. പ്രസ്തുത അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റും തുടർനടപടി

സ്വീകരിച്ചതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

10.2021-22 സാമ്പത്തിക വർഷത്തെ അക്കൌണ്ട്സ് പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്ക ായി ജില്ലാ ബ്ളോക്ക് പഞ്ചായത്ത് വിഹിതമായ് ലഭിച്ച തുകയുടെ മുന്നിരിപ്പ് വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ഓഡിറ്റ് എൻക്വയറി 5നുള്ള മറുപടി |
|---|---|---|---|---|---|---|
| Joint Venture Projects For Capital Expenditure- From Block Panchayat | 4081 | - | - | - | 4081 | ടി തുക തിരികെ ബ്ലോക്കിലേക്ക് ഒടുക്കുന്നതാണ് |
| Joint Venture Projects For Revenue Expenditure- From Block Panchayat | 683987 | 3027500 (367468 +2660032) | 3711487 | 2827500 | 200000 | Treasury Special TSB- Joint Venture (A/C No. 79901140002299) അക്കൗണ്ട് നിലവിൽ Unoperable Account ആണെന്നും ടി അക്കൗണ്ടിൽ നിന്നും മുൻ കാലങ്ങളിൽ ചെലവഴിച്ച തുകകൾ മാറാൻ സാധിക്കാതെ അക്കൗണ്ടിൽ തിരികെ EPOC Clearance Bill വന്നതാണെന്ന് ട്രഷറിയിൽ നിന്ന് അറിയാൻ കഴിഞ്ഞെന്നും അയത് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തി തുടർനടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. |
| Joint Venture Projects For Revenue Expenditure- From District Panchayat | 308028 | 718000 | 1026028 | 1145500 | 0 | 308028/- രൂപ മുൻ വർഷം ചെലവഴിച്ചത് വരവ് ഹെഡിലേക്ക് മാറ്റിയിട്ടിലാതിരുന്നത് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിന്റെയും 2019-20 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് ക്രമീകരിച്ചിട്ടുള്ളതാണെന്ന് അറിയിച്ചിരിക്കുന്നു. ICDS ന് ലഭിച്ച 427500 /- രൂപ 320100121 എന്ന ഹെഡിൽ വരവ് ചെയ്തിട്ടുള്ളതാണെന്നും അറിയിച്ചിരിക്കുന്നു. |

11.ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി ബാലൻസ് ഷീറ്റ് B-14 Stock Inhand (Inventories)- ൽ ഉൾപ്പെടുത്തിയിട്ടി ല്ല.ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 5നുള്ള മറുപടിയിൽ സാംഖ്യയിൽ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി ബാലൻസ് ഷീറ്റ് B-14 ൽ ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനം

നിലവിൽ ഇല്ലെന്ന് അറിയിച്ചിരിക്കുന്നു .

12. I-18 -Prior Period Item പ്രകാരം താഴെ പറയുന്ന വരവുകൾ Positive Balance ആണ്.

| | | |
|---|---|---|
| 280100102 | Prior Period Item- Professional Tax Institution/ Professionals /Traders | 83500 |
| 280100104 | Prior Period Item – Tax On Non Residential Building | 187353 |

I-18 -Prior Period Item പ്രകാരം താഴെ പറയുന്ന ചെലവുകൾ Negative Balance ആണ്.

| | | |
|---|---|---|
| 280800101 | Prior Period Item- Establishment Expenses | (16200) |
| 280800201 | Prior Period Item – Administrative Expenses | (29983) |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 5നുള്ള മറുപടിയിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ തെറ്റായ ഹെഡിൽ രേഖപ്പെടുത്തിയവ ബന്ധപ്പെട്ട് രജിസ്റ്റർ പരിശോധിച്ച് ക്രമവൽകരിച്ചിട്ടുള്ളതാണെന്ന് അറിയിച്ചിരിക്കുന്നു . ക്രമവൽകരിച്ചതിന്റെ കമ്മറ്റി തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

13.2021-22 ലെ എ.എഫ്.എസ് പ്രകാരം താഴെ പറയുന്ന വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | Demand | Collection | Balance | ഓഡിറ്റ് എൻക്വയറി 5നുള്ള മറുപടി |
|---|---|---|---|---|
| D&O | 219500 | 151500(150500(RP47) +!000(2020-21-B9)) | 0 | 2020-21 സാമ്പത്തിക വർഷം അഡ്വാൻസായി പരിച്ചെടുത്തത് തന്നാണ്ട് വരവായി കാണിച്ചിരുന്നുവെന്നും ആയത് ജേണൽ എൻട്രിയിലൂടെ ക്രമവൽകരിച്ചിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. |
| Rent Building (Arrear) | 108467(11574 + 96893 20-21 B-15) | 60213 | 44782 | |

14. താഴെ പറയുന്ന വരവുകൾ എ .എഫ്.എ സിലും രജിസ്റ്ററും വ്യത്യാസപ്പെട്ടിരിക്കുന്നു .

| ഇനം | എ.എഫ്.എസ് | രജിസ്റ്റർ | ഓഡിറ്റ് എൻക്വയറി 5നുള്ള മറുപടി |
|---|---|---|---|
| Paramedical Registration | 450 | 550 | 2022-23 -ലേക്ക് മുൻകൂറായി ലഭിച്ച തുകയാണെന്നും പ്രസ്തുത ഇനങ്ങൾക്ക് സാംഖ്യയിൽ മുൻകൂറായി ഈടാക്കുന്നതിന് പ്രത്യേക ഹെഡില്ലാത്തതിനാലാണ് കറണ്ട് ഹെഡിൽ ടി തുക ഈടാക്കിയതെന്നും അറിയിച്ചിരിക്കുന്നു. |
| Tutorial Registration | 250 | 200 | |

15.താഴെ പറയുന്ന വരവുകൾ എ.എഫ്.എ സിലും എ.സി.ആറിലും വ്യത്യാസപ്പെട്ടിരിക്കുന്നു .

| ഇനം | എ.എഫ്.എ സ് | എ.സി.ആർ | ഓഡിറ്റ് എൻക്വയറി 5നുള്ള മറുപടി |
|---|---|---|---|
| Development Fund (General) | 16593442 | 16673442 | 80000/-രൂപ ക്യൂ ബില്ലായ തുകയാണെന്ന് (പ്രോജക്റ്റ് നം.60) അറിയിച്ചിരിക്കുന്നു. |
| Maintenance Fund (Road) | 16322236 | 16611116 | 288880/-ക്യൂ ബില്ലായ തുകയാണെന്ന് (കാച്ചാണി അരുമരക്കോട്ടു കോണം ഒലിപ്പുറം റോഡ് റീടാറിംഗ്) അറിയിച്ചിരിക്കുന്നു. |

| | | | |
|---|---|---|---|
| General Purpose Fund | 17892000 | 17926706 | 30.03.22 പ്രകാരം ലഭിച്ച Performance Grant തുക സൈറ്റിൽ ട്രഷറിയിലേക്ക് സമർപ്പിക്കാൻ സാധിച്ചില്ലെന്ന് അറിയിച്ചിരിക്കുന്നു. |

16.Accumulated Depreciation -Other Fixed Asset പ്രകാരമുള്ള തുക {(1392547)} അതുമായി ബന്ധപ്പെട്ട ആസ്തിയെ {1390116} അധികരിച്ചിരിക്കുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം -23 നുള്ള മറുപടിയിൽ Other Fixed Asset എന്ന ഹെഡിലേയ്ക്ക് Other Constructions Depreciation കൂടി ചെയ്തതുകൊണ്ടാണ് വ്യത്യാസം വന്നതെന്നും അടുത്ത സാമ്പത്തിക വർഷം ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

17.2021-22ലെ B-11 ഷെഡ്യൂളിലെ Fixed Asset Road-tarred എന്ന ആസ്തിയുടെ മൂല്യം 1564005/- രൂപയാണ്. ആയത് തന്നെയാണ് 2020-21ലെ അക്കൗണ്ട്സിലും മൂല്യമായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ Expenditure Statement -ലെ 158/22-മലയം തോട്ടുമുക്ക് റോഡ് മെറ്റലിംഗ് ആന്റ് ടാറിംഗ് എന്ന പദ്ധതി പ്രകാരം 499734/-രൂപയും 157/22 -വട്ടക്കുളം കുരംകുന്ന് താഴെ കുളങ്ങരക്കുഴി റോഡ്എന്ന പദ്ധതി പ്രകാരം 299026/-രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ആസ്തികൾ Fixed Asset Road-tarred എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം -23 നുള്ള മറുപടിയിൽ ടി തുക Capital Work In Progress ൽ നിന്ന് ചെലവ് ഹെഡിലേക്ക് മാറ്റിയപ്പോൾ ഹെഡ് മാറിപ്പോയതാണെന്നും അടുത്ത സാമ്പത്തിക വർഷം ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

18.Income And Expenditure Statement പ്രകാരം ചെലവ് (226769874/-) വരവിനെക്കാൾ അധികം നടന്നതായി കാണുന്നു (224183625/-). Excess Of Income Over Expenditure നെഗറ്റീവ് ബാലൻസ് {(5813241)} ആണ്.ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം -23 നുള്ള മറുപടിയിൽ കഴിഞ്ഞ സാമ്പത്തിക പത്രിക പ്രകാരം ബി-4 ഷെഡ്യൂളിൽ ബാക്കി നിന്നിരുന്ന മുൻവർഷങ്ങളിൽ ചെലവഴിച്ച തുക കണ്ടെത്തിയത് ക്രമവൽകരിച്ചതും, Depreciation കണക്കാക്കിയതിനാലും, മുൻ നീക്കിബാക്കി കൂടി ചെലവ് ചെയ്തതിനാലും വന്ന വ്യത്യാസമാണെന്ന് അറിയിച്ചിരിക്കുന്നു.

19. ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം പഞ്ചായത്ത് നൽകിയ മൂന്നു മാസത്തിൽ കൂടുതൽ കാലാവധി കഴിഞ്ഞ ചെക്കുകൾ പണമാക്കാതെ കിടക്കുന്നു . ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

Treasury Own Fund-356

| വൗച്ചർ നമ്പർ | വൗച്ചർ തീയതി | ഇൻസ്ട്രുമെന്റ് നം. | ഇൻസ്ട്രുമെന്റ് തീയതി | തുക | ഓഡിറ്റ് എൻക്വയറി നം -23 നുള്ള മറുപടി |
|---|---|---|---|---|---|
| 22100894 | 14/12/21 | 2327398 | 14.12.21 | 4300/- | ചെക്ക് 2022-23 സാമ്പത്തിക വർഷത്തിൽ മടങ്ങിവന്നിട്ടുണ്ടെന്നും ആയത് ആഗസ്റ്റ് മാസത്തെ റിക്കൺസീലിയെഷനിൽ ക്രമവൽകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. |
| 22100893 | 14/12/21 | 2327398 | 14.12.21 | 4300/- | |

MNREGA 778807292

| വൗച്ചർ നമ്പർ | വൗച്ചർ തീയതി | ഇൻസ്ട്രുമെന്റ് നം. | ഇൻസ്ട്രുമെന്റ് തീയതി | തുക | ഓഡിറ്റ് എൻക്വയറി നം -23 നുള്ള മറുപടി |
|---|---|---|---|---|---|
| 22100170 | 24.5.21 | 980101 | 24.05.21 | 1750/- | Stale Cheque-ലേക്ക് ക്രമവൽക്കരിക്കുന്നതാണ്. |

20.ലഭ്യമാക്കിയ Depreciation Statement Asset -Office Equipment And Others എന്ന ഇനത്തിൽ 148096/- രൂപയാണ്

Depreciation ആയി രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 2021-22 Accounts ലെ I-17A പ്രകാരം127492/- രൂപയാണ് Depreciation ആയി രേഖപ്പെടുത്തിയിരിക്കുന്നത്.ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം -23 നള്ള മറുപടിയിൽ Movable Asset Depreciation കൂടി ഈ ഹെഡിൽ ഉൾപ്പെടുത്തിയതിനാലാണ് വ്യത്യാസം വന്നതെന്നും അടുത്ത ഓഡിറ്റിൽ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

21.2020-21 സാമ്പത്തിക വർഷത്തെ Bank Book ഓഡിറ്റ് എൻക്വയറി നം -23 പ്രകാരം ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

22. Treasury TSB Joint Venture അക്കൗണ്ടിന്റെ Pass Book, Bank Book, Reconciliation Statement എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അക്കൗണ്ടിന്റെ Pass Book ട്രഷറിയിൽ നിന്ന് ലഭ്യമാക്കി അടുത്ത് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.(ഓഡിറ്റ് എൻക്വയറി നം -23 നള്ള മറുപടി).

## 1-3 ഗ്രാന്റ് വിനിയോഗം

ഇ-മെയിൽ മുഖേന 31.12.2022ൽ ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്നുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 16720165 | 16720165 | 21141277*a | -4421112 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 4910302 | 4910302 | 5141789*b | -231487 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| CFC(tied) | 0 | 14297435 | 14297435 | 7637229*c | 6660206 |
| CFC(untied) | 0 | 5904042 | 5904042 | 5301529 | 602513 |
| Maintenance Fund(nonroad) | 0 | 6237839 | 6237839 | 5270639 | 967200 |
| Maintenance Fund(road) | 0 | 16643000 | 16643000 | 16611116*d | 31884 |
| CSS*e | 0 | 0 | 0 | 0 | 0 |
| SSS*f | 0 | 0 | 0 | 0 | 0 |

*A ACR പ്രകാരമുള്ള ചെലവ് 16673442/-രൂപയും,AFS പ്രകാരമുള്ള ചെലവ് 16593442/- രൂപയുമാണ്

*B ACR പ്രകാരമുള്ള ചെലവ് 4827091/-രൂപയാണ്.

*C ACR പ്രകാരമുള്ള ചെലവ് 7877774/-രൂപയാണ്.

*D AFS പ്രകാരമുള്ള ചെലവ് 16322236/-രൂപയാണ്.

*E കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

*F സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ്പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല

## 1-4 പദ്ധതി അവലോകനം

1)ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

എ)2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണ സമിതി പുനഃ സംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം-28/29.08.22ന് ആസൂത്രണ സമിതി

പുനഃസംഘടിപ്പിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആസൂത്രണ സമിതി മിനിട്സ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

2)വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ 30.01.21, 18.02.21 എന്നീ തീയതികളിലായി വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നതായി കാണുന്നു.

പ്രസ്തുത മീറ്റിംഗുകളിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ദുരന്തനിവാരണ വർക്കിംങ് ഗ്രൂപ്പ് മിനിട്സ് പ്രകാരം 18.02.21 ലും പൊതുമരാമത്ത് വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ വർക്കിംങ് ഗ്രൂപ്പ് മിനിട്സ് പ്രകാരം 30.01.21 ലും യോഗം ചേർന്നിട്ടുണ്ടെങ്കിലും പ്രസ്തുത മീറ്റിംഗുകളിൽ നിർദ്ദേശങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

3.വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന ചുവടെ ചേർക്കുന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| 1 | ദാരിദ്ര്യ ലഘൂകരണം | 30.01.21 | 1.ഇറയംകോട് വാർഡിൽ സർക്കാരിന്റെ ഭൂമി ഏറ്റെടുത്ത് കൃഷി നടത്താനുള്ള പദ്ധതി ഏറ്റെടുക്കുക<br>2.പഴസംസ്കരണ യൂണിറ്റുകൾ തുടങ്ങുക |
| 2 | പട്ടികജാതി/പട്ടികവർഗ്ഗ വികസനം | 30.01.21 | 1.ഈറ്റത്തൊഴിൽ ചെയ്യുന്നവർക്ക് ധനസഹായം നൽകുക<br>2.കരകൗശല ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനം നൽകുന്നതിനോടൊപ്പം വിപണനസാധ്യതകൾ കണ്ടെത്തി നൽകുക |
| 3 | വിദ്യാഭ്യാസം | 30.01.21 | കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുക |
| 4 | കുടിവെള്ളം ശുചിത്വം | 30.01.21 | പഞ്ചായത്ത് പരിധിയിലുള്ള ഓരോ കുളങ്ങളും വൃത്തിയാക്കുക, കിണർ റീചാർജ്ജ്, മഴക്കുഴി നിർമ്മാണം |

| | | | |
|---|---|---|---|
| 5 | വനിതാവികസനം | 30.01.21 | ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കാൻ പ്രകൃതി സൗഹൃദ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം |

4)സ്റ്റാറ്റസ് റിപ്പോർട്ട്

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങളിൽ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു-

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| 1. | കുടിവെള്ളം | അതീവ ഗുരുതരം | കുടിവെള്ളക്ഷാമം |
| 2. | ആരോഗ്യം | അതീവ ഗുരുതരം | പകർച്ചവ്യാധി കൂടുന്ന മൈലം, കാച്ചാണി, കളത്തുകാൽ, വെമ്പന്നൂർ, ഇരുമ്പ വാർഡുകളിൽ അശാസ്ത്രീയമായ മാലിന്യസംസ്കരണം, ആരോഗ്യ വോളിന്റയർമാരുടെ കുറവും അവർക്കുള്ള ഓണറേറിയം ഫണ്ടിന്റെ അപര്യാപ്തതയും |
| 3. | പ്രാദേശിക വികസനം | ഗുരുതരം | ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റി വിപണനം നടത്തുന്നതിനുള്ള സംരംഭങ്ങളുടെ കുറവ് |
| 4 | സാമൂഹ്യനീതി | ഗുരുതരം | കുട്ടികളുടെ ശാരീരിക മാനസിക വികസനം മെച്ചപ്പെടുത്തൽ |
| | | ഗുരുതരം | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകാൻ കഴിയുന്നില്ല. |
| 5 | വനിതാവികസനം | ഗുരുതരം | കൗമാരക്കാരുടെ പ്രശ്നങ്ങൾ സോഷ്യൽമീഡിയയുടെ ദുരുപയോഗം, ലഹരി ഉപയോഗം |

5. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരംആകെ അടങ്കൽതുക 164056024/- രൂപയും ചെലവ് 79168898/- രൂപയുമാണ്. അതായത് ആകെ പദ്ധതിച്ചെലവിന്റെ 48% മാത്രമാണ് ചെലവ് വന്നിട്ടുള്ളത്.

മേഖല അടിസ്ഥാനത്തിലുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മേഖല | വകയിരുത്തിയതുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗംജനറൽ | ഉല്പാദനം | 7844759 | 6734875 | 86% |
| | സേവനം | 19100764 | 14021883 | 73% |
| | പശ്ചാത്തലം | 384519 | 384519 | 100% |
| പട്ടിക ജാതി വിഭാഗം | ഉല്പാദനം | 0 | 0 | 0 |
| | സേവനം | 5614698 | 5141789 | 91% |
| | പശ്ചാത്തലം | 0 | 0 | 0 |

വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ, സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം-28/29.08.22ന് അനുവദിക്കുന്ന ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഏറ്റവും പ്രാധാന്യം അർഹിക്കുന്ന നിർദ്ദേശങ്ങൾ മാത്രമേ പ്രോജക്ടിൽ ഉൾക്കൊള്ളിക്കാൻ സാധിക്കുന്നുള്ളൂ എന്നും സർക്കാരിന്റെ നിർബന്ധിതമായ പ്രോജക്ടുകൾക്ക് ഫണ്ട് വകയിരുത്തുമ്പോൾ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളിൽ ചിലവ ഉൾപ്പെടുത്താൻ സാധിക്കാതെ പോകുന്നു എന്നുമാണ് മറുപടി ലഭ്യമാക്കിയത് .

## 1-5 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 311640 | 263 |
| കർഷകതൊഴിലാളി പെൻഷൻ | 4544200 | 3048 |
| വിധവാ പെൻഷൻ | 25691900 | 16512 |
| വാർദ്ധക്യകാല പെൻഷൻ | 47839300 | 33101 |
| വികലാംഗ പെൻഷൻ | 7661100 | 4873 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 3600000 | 12 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 1230400 | 788 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു. സർക്കാരിന് നഷ്ടം 210800/-രൂപ

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2021-22 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (രജിസ്ട്രേഷൻ നം. 61/21 തീയതി 12.04.20 മുതൽ 244/21 തീയതി 31.12.21 വരെയുള്ള മരണറിപ്പോർട്ടുകളാണ് പരിശോധിച്ചത്). വിശദാംശം ചുവടെ ചേർക്കുന്നു:-

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | നിലവിലെ സ്റ്റാറ്റസ് | മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | സുകുമാരൻനാടാർ കെ | 102640201108 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 19.03.21 | 4/21 | 1600 |
| 2 | ലളിത ജി | 102640201943 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 08.03.21 | 4/21-6/21 | 1800 |
| 3 | ബേബി ആർ | 102640600863 | വിധവ പെൻഷൻ | സസ്പെൻഡ് | 27.04.21 | 5/21-8/21 | 6400 |
| 4 | ശശിധരൻപിള്ള സി | 102640400345 | ഡിസബിലിറ്റി പെൻഷൻ | ആക്ടീവ് | 29.04.21 | 5/21-6/22 | 22400 |
| 5 | വസന്ത.എസ്സ് | 102640601070 | വിധവ പെൻഷൻ | ആക്ടീവ് | 27.05.21 | 6/21-6/22 | 22400 |
| 6 | വാസുദേവൻ പി | 102640201479 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 01.06.21 | 6/21-6/22 | 20800 |
| 7 | വിലാസിനി | 102640100901 | കർഷക തൊഴിലാളി പെൻഷൻ | സസ്പെൻഡ് | 5.5.21 | 6/21 | 1600 |
| 8 | രാജൻഎസ് | 102640202611 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 31.05.21 | 6/21-6/22 | 20800 |
| 9 | സുരേഷ്കുമാർ കെ | 102640400101 | ഡിസബിലിറ്റി പെൻഷൻ | ആക്ടീവ് | 11.06.21 | 7/21-8/21 | 3200 |
| 10 | സൽമബീവി എം | 102640600599 | വിധവ പെൻഷൻ | ആക്ടീവ് | 15.04.18 | 5/18-7/19 | 15400 |
| 11 | ലക്ഷ്മണൻ | 102640200252 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 21.06.21 | 07/21-06/22 | 19200 |
| 12 | ശ്രീകുമാരൻ നായർ കെ | 102640201440 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 03.07.21 | 08/21-01/22 | 3600 |

| | | | | | | | |
|---|---|---|---|---|---|---|---|
| 13 | ശാരദാമ്മ | 102640202495 | വാർദ്ധക്യകാല പെൻഷൻ | ആക്റ്റീവ് | 16.06.21 | 07/21-06/22 | 19200 |
| 14 | രാജേന്ദ്രൻആശാരി.കെ | 102640203304 | വാർദ്ധക്യകാല പെൻഷൻ | ആക്റ്റീവ് | 11.08.21 | 09/21-06/22 | 16000 |
| 15 | ആൻറണി റ്റി | 102640201200 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 20.09.21 | 10/21-12/21 | 4800 |
| 16 | കൃഷ്ണമ്മ എൽ. | 102640500034 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | ആക്റ്റീവ് | 30.09.21 | 10/21-06/22 | 14400* |
| 17 | സെൽവാനോസ് | 102640203010 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 16.05.20 | 06/20-10/21 | 25200 |
| 18 | ശ്യാമള | 102640601746 | വിധവ പെൻഷൻ | സസ്പെൻഡ് | 29.10.21 | 11/21-12/21 | 3200 |
| 19 | സത്യനേശൻ സി | 102640200543 | വാർദ്ധക്യകാല പെൻഷൻ | ആക്റ്റീവ് | 20.11.21 | 12/21-06/22 | 4200* |
| 20 | ബാലൻ കെ | 102640204072 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 30.11.21 | 12/21-01/22 | 3200 |
| | | | | | | ആകെ | 210800 |

*07/22,08/22 എന്നീ മാസങ്ങളിൽ തുക ബാങ്കിന് കൈമാറിയെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ 2021-22 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. അരുവിക്കര ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ധനകാര്യവകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 18/ 27.08.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ 210800/- രൂപ സംബന്ധിച്ച് അടിയന്തിരമായി തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-5-2 സാമൂഹ്യ സുരക്ഷാ പെൻഷൻ, സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2021-22 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. (ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു). മസ്റ്ററിംഗ് പൂർത്തികരിച്ചിട്ടില്ലാത്തതിനാൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്ന എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| നം | പേര് | മരണപ്പെട്ട തീയതി | ആധാർ നമ്പർ | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | ശ്യാമളകുമാരി റ്റി | 11.03.21 | 393516462014 | ആക്റ്റീവ് |
| 2 | സാറാമ്മ | 25.03.21 | 461026925075 | ആക്റ്റീവ് |
| 3 | സുശീല പി | 30.03.21 | 252384044132 | ആക്റ്റീവ് |

| | | | | |
|---|---|---|---|---|
| 4 | സഹദേവൻ കെ | 07.03.20 | 627771949821 | ആക്ടീവ് |
| 5 | നാരായണൻ നായർ | 28.09.21 | 687051261475 | ആക്ടീവ്*1 |
| 6 | ഭാരതി അമ്മ | 02.08.21 | 676808294474 | ആക്ടീവ്*2 |

*1 -10/21 മുതൽ 06/22 വരെ തുക കൈമാറാൻ സാധിച്ചിട്ടില്ല എന്നും 07/22, 08/22 എന്നീ മാസങ്ങളിൽ തുക സഹകരണബാങ്കിന് കൈമാറി എന്നുമാണ് സ്റ്റാറ്റസിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

*2—07/21 മുതൽ 06/22 വരെ തുക കൈമാറാൻ സാധിച്ചിട്ടില്ല എന്നും 07/22, 08/22 എന്നീ മാസങ്ങളിൽ തുക സഹകരണബാങ്കിന് കൈമാറി എന്നുമാണ് സ്റ്റാറ്റസിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 18/27.08.2022 ന് മറുപടി ലഭ്യമാക്കിയില്ല. മരണപ്പെട്ടവരെ സേവനയിൽ കൃത്യമായി വിവരങ്ങൾ ചേർത്ത് ഒഴിവാക്കി, അനർഹർക്ക് തുക ലഭിക്കുന്നില്ല എന്ന് ഉറപ്പാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-5-3 മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ/പെൻഷൻ വിതരണസ്ഥാപനത്തിനെ അറിയിക്കുന്നില്ല.

പെൻഷൻ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിനെ/പെൻഷൻ വിതരണസ്ഥാപനത്തിനെ അറിയിക്കുവാൻ ധനകാര്യവകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18ൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു:-

| ക്രമ നം | തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ പേര് /പെൻഷണറുടെ പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | നിലവിലെ സ്റ്റാറ്റസ് | മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം കോർപ്പറേഷൻ, അംബുജാക്ഷി അമ്മ കെ | 101670204483 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 07.05.21 | 6/21-06/22 | 20800 |
| 2 | ക്ഷേമനിധി ബോർഡ്, സിസിലി.പി | 2220012573 | ക്ഷേമനിധി ബോർഡ് പെൻഷൻ | ആക്ടീവ് | 24.05.21 | 6/21-6/22 | 20800 |
| 3 | വെള്ളനാട് ഗ്രാമ പഞ്ചായത്ത്, കമലമ്മ | 102570202055 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 23.05.21 | 6/21-6/22 | 20800 |
| 4. | ആലപ്പുഴ - തലവടി ഗ്രാമ പഞ്ചായത്ത്, മീനാക്ഷികുട്ടികുമാരൻ | 104520101006 | കർഷക തൊഴിലാളി പെൻഷൻ | ആക്ടീവ് | 03.06.21 | 7/21-6/22 | 19200 |
| 5. | തിരുവനന്തപുരം കോർപ്പറേഷൻ, വിജയമ്മ എം കെ | 101670613514 | വിധവ പെൻഷൻ | ആക്ടീവ് | 24.07.21 | 8/21-06/22 | 6600 |
| 6. | ക്ഷേമനിധി ബോർഡ്, ABDUL RASHEED P M | 2220012544 | ക്ഷേമനിധി പെൻഷൻ | ആക്ടീവ് | 05.09.21 | 10/21-06/22 | 14400 |

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 18/27.08.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ വേണ്ട തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-5-4 ജനന, മരണ,വിവാഹ രജിസ്റ്ററുകൾ കാലികമാക്കി പരിപാലിച്ചിട്ടില്ല.

അരുവിക്കര ഗ്രാമപഞ്ചായത്ത് 2021-22 വർഷം The Registration Birth And Death Rules-1999, റൂൾ 12-ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള Birth Register (Form-7), Death Register (Form-7), എന്നിവയും, Registration Of Marriages (Common) Rules, റൂൾ 8 പ്രകാരമുള്ള Marriage Register എന്നിവയും പരിപാലിച്ചിട്ടില്ല. ആയതു ഗുരുതരമായ വീഴ്ചയാണ്.

ജനന, മരണ, വിവാഹ രജിസ്ട്രേഷനുള്ള അപേക്ഷകളും, തുടർനടപടി ഫയലുകളും മാത്രമാണ് ഓഡിറ്റിനു ലഭ്യമാക്കിയത്. നിയമപരമായി അതീവ പ്രാധാന്യമുള്ളതും, ദീർഘകാലം സൂക്ഷിച്ചു വയ്ക്കേണ്ടതുമായ ടി രജിസ്റ്ററുകൾ കാലികമാക്കി പരിപാലിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 19/27.08.2022ന് പ്രസ്തുത രജിസ്റ്ററുകൾ സൂക്ഷിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-5-5 തൊഴിൽ രഹിത വേതന വിതരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

2021-22 വർഷം തൊഴിൽ രഹിത വേതനമിനത്തിൽ ചെലവ് 311640/- രൂപയാണ്. സ.ഉ ( അച്ചടി) നം 139/2019/ധന തീയതി 15.10.2019-ൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ നില, വ്യക്തിഗത കുടുംബ വാർഷിക വരുമാനം, തൊഴിൽ നില, താമസം മുതലായവ എല്ലാ മാസവും വ്യത്യാസപ്പെടാൻ സാധ്യതയുള്ളതിനാൽ ഓരോ തവണയും വേതനം ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് അനുവദിക്കുന്നതിന് 15 ദിവസം മുൻപ് ഗുണഭോക്താവ് തദ്ദേശഭരണ സ്ഥാപനത്തിൽ നേരിട്ട് ഹാജരായി വെരിഫിക്കേഷൻ നടത്തേണ്ടതാണെന്നും അവരിൽ നിന്നും അർഹത സംബന്ധിച്ച സത്യവാങ്മൂലം എഴുതി വാങ്ങി സൂക്ഷിക്കേണ്ടതാണെന്നും അക്വിറ്റൻസ് രജിസ്റ്ററിൽ തീയതി വച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വെരിഫിക്കേഷന് നേരിട്ട് ഹാജരായി നടപടിക്രമങ്ങൾ പാലിക്കാത്തവർക്ക് തൊഴിൽ രഹിത വേതനം അനുവദിക്കാൻ പാടില്ല എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ 21.08.2020-ലെ DEE-TVM/668/2020-S2 നമ്പർ കത്തിൽ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച മാത്രമേ തൊഴിൽ രഹിത വേതനം നൽകുവാൻ പാടുള്ളൂ എന്നും പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്.

സ.ഉ. ( അച്ചടി) നം 139/2019/ധന തീയതി തിരുവനന്തപുരം 15.10.2019-ൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കൾ അക്വിറ്റൻസ് രജിസ്റ്ററിൽ തീയതി വച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അക്വിറ്റൻസ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.39/31.08.2022ന് സത്യവാങ്മൂലം ഗുണഭോക്താക്കളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ മേൽ അപാകങ്ങൾ ഉണ്ടാകാതെ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള പണം നീക്കിയിരിപ്പ് പരിശോധന 25.08.2022 തീയതിയിൽ 3.30 Pm-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11047/- രൂപയുടെ പണം നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

1) ഓഫീസ് ഉത്തരവ് മുഖേന ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗുകൾ നടത്തുന്നുണ്ട്.

2) 2004ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2021 ൽ പ്രസിദ്ധീകരിച്ച പൗരാവകാശരേഖയുടെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

3) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ.(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

എ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

ബി) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം.

സി) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.
4) ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല.
നികുതി നികുതിയേതര വരുമാനങ്ങളുടെ ശേഖരണത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.
ടി അപാകങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 351859 | 940458 | 1292317 | 1280317 | 12000 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 48177000 | 48177000 | 48177000 | 0 |
| ആകെ | 351859 | 49117458 | 49469317 | 49457317 | 12000 |

## 1-8-1 രേഖകൾ ലഭ്യമായില്ല

1. MNREGA പദ്ധതികളുടെ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും ഗ്രാമസഭ നടത്തുന്നില്ല

MNREGA ആക്റ്റ് 2005 സെക്ഷൻ 17 പ്രകാരം MNREGA സ്കീം മുഖേന ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും ഗ്രാമസഭ നടത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2021-22 ൽ നടപ്പിലാക്കിയ പദ്ധതികൾ ഗ്രാമസഭ മോണിറ്റർ ചെയ്തതിന്റെയും സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 29 ന് മറുപടി ലഭ്യമായില്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. ആസ്തി രജിസ്റ്റർ പരിപാലിക്കുന്നില്ല

സ്ഥിര ആസ്തി രജിസ്റ്റർ പരിപാലിക്കുന്നില്ല. ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 29 ന് മറുപടി ലഭ്യമായില്ല. അതത് വർഷത്തെ ആസ്തി രജിസ്റ്റർ കാലികമാക്കി ആധികാരികമാക്കി സൂക്ഷിക്കേണ്ടതാണ്.

3. റോസ്ഗാർ ദിനം സംഘടിപ്പിക്കുന്നില്ല

എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 21-22 ഖ4.5 പ്രകാരം തൊഴിലാളികളുടെ രജിസ്ട്രേഷൻ കൃത്യമായും, ആവശ്യാനുസരണവും നിർവ്വഹിക്കുന്നതിനും അവകാശങ്ങൾ ഫലപ്രദമയി അറിയിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും എല്ലാ മാസത്തിലും ഒരു ദിവസം ഗ്രാമപഞ്ചായത്ത് റോസ്ഗാർ ദിനം സംഘടിപ്പിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2021-22 ഖ4.5.1 പ്രകാരം റോസ്ഗാർ ദിനം സംഘടിപ്പിച്ചതിന്റെ മിനിട്ട്സ് സോഷ്യൽ ഓഡിറ്റിനും പൊതുജനങ്ങൾക്കും പരിശോധനയ്ക്കായി ലഭ്യമാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.ആയത് പരിശോധനയ്ക്ക് ലഭ്യമായില്ല.

## 1-9 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 30.03.2022 | 02/22വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.08.22 | 2019-20 | 30.05.22 |

## 1-10 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

സഞ്ചയ പ്രകാരം താഴെപ്പറയുന്ന പ്രകാരമുള്ള എണ്ണം (1781) സ്ഥാപനങ്ങൾ പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം 218 സ്ഥാപനങ്ങൾ മാത്രമാണ് പഞ്ചായത്തു പരിധിയിൽ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്. സ്ഥാപനങ്ങളുടെ എണ്ണത്തിലെ വൻവ്യത്യാസം വിശദീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | സഞ്ചയ പ്രകാരമുള്ള റിക്കോർഡ്സിന്റെ എണ്ണം |
|---|---|---|
| 1 | ഇതര വ്യവസായങ്ങൾക്കാവിശ്യമുള്ളവ | 60 റിക്കോർഡ്സ് |
| 2 | ഓഫീസ് ആവിശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 58 റിക്കോർഡ്സ് |

| | | |
|---|---|---|
| 3 | വാണിജ്യാവിശ്യത്തിനുള്ള 200 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 5 റിക്കോർഡ്സ് |
| 4 | വാണിജ്യാവിശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 40 റിക്കോർഡ്സ് |
| 5 | വാണിജ്യാവിശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 1588 റിക്കോർഡ്സ് |
| 6 | വാണിജ്യാവിശ്യത്തിനുള്ള ബങ്കുകൾ, പെട്ടികടകൾ, കംപ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷനുകൾ | 12 റിക്കോർഡ്സ് |
| 7 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമാ തീയറ്റർ | 18 റിക്കോർഡ്സ് |
| ആകെ | | 1781 |

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചിരുന്ന വ്യാപാര സ്ഥാപനങ്ങളുടെ 2021-22 സാമ്പത്തിക വർഷത്തെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ഓരോ വാർഡിലും എത്ര വ്യാപാര സ്ഥാപനങ്ങൾ നിലവിലുണ്ടെന്നും മുഴുവൻ വ്യാപാര സ്ഥാപനങ്ങളിൽനിന്നും നികുതി ഈടാക്കിയിട്ടുണ്ടോയെന്നും കൃത്യമായി അറിയുവാൻ സാധിക്കുന്നില്ല. വ്യാപാര സ്ഥാപനങ്ങളുടെ കണക്ക് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് കൃത്യമായി നൽകുന്നതിനും നികുതി വരുമാനം ഉറപ്പുവരുത്തുന്നതിനും കഴിയുകയില്ല. കൂടാതെ നികുതി പിരിവ് പൂർണ്ണമായും കാര്യക്ഷമമായും നടത്തുവാനും കഴിയാതെ വരുന്നു. ഇത് തനതു ഫണ്ടിന്റെ ശോഷണത്തിന് കാരണമായിത്തീരുന്നു. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലുള്ള 20 വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2021-22 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ചു നൽകിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി (എൻക്വയറി നം 24/29.08.2022) ക്ക് മറുപടി ലഭ്യമായില്ല.

## 1-12 ലൈസൻസ് - അപേക്ഷകൾ പൂർണ്ണമല്ല.

2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 ലെ സ.ഉ.(പി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാകണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും, പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷയിൽ പ്രസ്തുത കോളം ഒഴിവാക്കിയാണ് ഭൂരിഭാഗം അപേക്ഷകരും അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി (എൻക്വയറി നം 24/29.08.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 തൊഴിൽനികുതി ഈടാക്കിയതിലെ അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 എ (I) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, 204 എ (II) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ

പഞ്ചായത്തു പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, 204 ബി പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളിന്റെയും മേൽ തൊഴിൽനികുതി ചുമത്തേണ്ടതാണ്.

മേൽ വകുപ്പുകൾ പ്രകാരം ഗ്രാമപ്പഞ്ചായത്തുപരിധിയിലെ ഡോക്ടർമാർ, അഭിഭാഷകർ, എഞ്ചിനീയർമാർ മറ്റ് പ്രൊഫഷണൽ ജോലികളിലേർപ്പെട്ടിരിക്കുന്നവർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോയെന്ന ഓഡിറ്റ് എൻക്വയറി (നമ്പർ - 15/26.08.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല

റേഷൻ കടകളിൽ നിന്നുംതൊഴിൽ നികുതി ഈടാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. റേഷൻ കടകളിലെ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തി വിവരം തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയതായും കാണുന്നില്ല. ടിയാളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. (സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22.08.2019 ലെ No. (CS)എ 9-764/2009 നമ്പർ ഉത്തരവ്)

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഈ പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയിട്ടുള്ള കരാറുകാരിൽ നിന്നും വാർഷിക തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. പ്രസ്തുത ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി/സ്ഥാപന നികുതി ഈടാക്കി ആയതിന്റെ രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. തൊഴിൽ നികുതി കൃത്യമായും കാര്യക്ഷമമായും പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-14 സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ- രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം, ഒരു സ്വകാര്യ ആശുപത്രിയോ, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ, ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫോറം 1 ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു പതിനഞ്ചു ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി അതു നടത്താൻ ഉദ്ദേശിക്കുന്ന ആളോ, നടത്താൻ ചുമതലപ്പെട്ടിട്ടുള്ള ആളോ ഇരുനൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്കു സമർപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസോട് കൂടിയുള്ളതല്ലാത്ത ഏതൊരു അപേക്ഷയും സെക്രട്ടറി നിരസിക്കേണ്ടതാണ്. ചട്ടം 3(6) പ്രകാരം രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2 ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതാണ്. ചട്ടം 5 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റേയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതും അപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷ ഫോറം 5 ൽ അൻപത് രൂപ രജിസ്ട്രേഷൻ പുതുക്കൽ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതും ആണ്.

മേൽ വകുപ്പുകൾ പ്രകാരം രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2-ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പഞ്ചായത്ത് പരിധിയിലുള്ള സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും അതാത് വർഷം രജിസ്ട്രേഷൻ പുതുക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ കഴിയാതെ വരുന്നു. ടി രജിസ്റ്റർ പരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ഷോപ്പിംങ് കോംപ്ലക്സ് വാടക – കുടിശ്ശിക ഈടാക്കേണ്ടതാണ്

ലഭ്യമാക്കിയ വാടക രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴപ്പറയുന്ന സ്റ്റാളുകളിൽ/ കടമുറികളിൽ നിന്നും 2021-22 വർഷത്തെ വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു-

| ക്രമ നം | കടമുറി നം | വാടകക്കാരന്റെ പേര് | കാലയളവ് | വാടക |
|---|---|---|---|---|
| അരുവിക്കര ഷോപ്പിംങ് കോംപ്ലക്സ് | | | | |
| 1 | റൂം നം.2,3 | വിനോദ് | 04/21 മുതൽ 06/21 വരെ, 10/21 മുതൽ 03/22 വരെ | (7936*9)*2=142848+GST |
| 2 | റൂം നം.7 | മുഹമ്മദ് ഇസ്മായിൽ | 11/21 മുതൽ 03/22 വരെ | 1970*5=9850+GST |
| 3 | റൂം നം.8 | മുഹമ്മദ് ഹനീഫ | 04/21 മുതൽ 06/21 വരെ, 10/21 മുതൽ 03/22 വരെ | 1970*9=17730+GST |

| | | | | |
|---|---|---|---|---|
| 4 | റൂം നം.9 | പി. അബ്ദുൾ റഹ്മാൻ | 04/21 മുതൽ 06/21 വരെ, 10/21 മുതൽ 03/22 വരെ | 1970*9=17730+GST |
| 5 | റൂം നം.10 | രാധാകൃഷ്ണൻ | 04/21 മുതൽ 06/21 വരെ, 10/21 മുതൽ 03/22 വരെ | 1970*9=17730+GST |
| 6 | റൂം നം.11 | രാജീവ് നായർ | 04/21 മുതൽ 06/21 വരെ, 10/21 മുതൽ 03/22 വരെ | 1970*9=17730+GST |
| 7 | റൂം നം.12 | സൈനലാബ്ദീൻ | 04/21 മുതൽ 06/21 വരെ, 10/21 മുതൽ 03/22 വരെ | 1970*9=17730+GST |
| 8 | റൂം നം.13 | കെ. സുകുമാരൻ നാടാർ | 04/21 മുതൽ 06/21 വരെ, 10/21 മുതൽ 03/22 വരെ | 1970*9=17730+GST |
| 9 | റൂം നം.14 | മുഹമ്മദ് ഹനീഫ | 04/21 മുതൽ 06/21 വരെ, 10/21 മുതൽ 03/22 വരെ | 2906*9=26154+ GST |
| കാച്ചാണി ഷോപ്പിംങ് കോംപ്ലക്സ് | | | | |
| 9 | റൂം നം.6 | പ്രസിഡന്റ്/സെക്രട്ടറി, യുവ സ്പോർട്സ് ക്ലബ് | 04/21 മുതൽ 06/21 വരെ, 10/21 മുതൽ 03/22 വരെ | 486*9=4374+ GST |
| 10 | റൂം നം.7 | ലത കുമാരി | 04/21 മുതൽ 06/21 വരെ, 10/21 മുതൽ 03/22 വരെ | 718*9=6462+ GST |
| 11 | റൂം നം.9,10 | ഷാജി | 02/22, 03/22 | (983*2)*2=3932+GST |
| 12 | റൂം നം.11 | അജികുമാർ | 04/21 മുതൽ 06/21 വരെ, 10/21 മുതൽ 03/22 വരെ | 882*9=7938+ GST |
| 13 | റൂം നം.15 | വിൽസൺ | 04/21 മുതൽ 06/21 വരെ, 10/21 മുതൽ 03/22 വരെ | 802*9=7218+ GST |

മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി (എൻക്വയറി നം. 3/24.08.2022)ക്ക് കുടിശ്ശിക അടവാക്കാനുള്ളവർക്ക് ആയത് അവശ്യപ്പെട്ടുകൊണ്ട് 31/3/2022 ന കത്ത് നല്കിയിരുന്നെന്നും, ഫോൺ മുഖാന്തിരം അറിയിപ്പ് കൊടുത്തിരുന്നെന്നും ആയതിനെ തുടർന്ന് അരുവിക്കര ഷോപ്പിംഗ് കോംപ്ലെക്സിലെ വിനോദ്, മുഹമ്മദ് ഇസ്മായിൽ എന്നവർ കുടിശ്ശിക അടവാക്കിയിട്ടുണ്ടെന്നും, ബാക്കി കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച വരുന്നെന്നുമാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ വിനോദ്, മുഹമ്മദ് ഇസ്മായിൽ എന്നിവർ കുടിശ്ശിക അടവാക്കിയതിന്റെ രേഖകൾ ഒന്നും തന്നെ സമർപ്പിച്ചിട്ടുണ്ടായിരുന്നില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ബാക്കി കുടിശ്ശിക പൂർണ്ണമായും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

## 1-16 അനുപൂരക പോഷകാഹാരം പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം. | 7 |
| പ്രോജക്ടിന്റെ പേര് | അനുപൂരക പോഷകാഹാരം |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| അടങ്കൽ തുക | 3261350/- രൂപ |
| ചെലവു തുക | 3210754/- രൂപ |

മേൽ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 25/2/22ാം തീയതിയിലെ ബിൽ പ്രകാരം 1890 കിലോഗ്രാം THRS ആണ് ലഭിച്ചിരിക്കുന്നത്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ 1920 കിലോഗ്രാം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടി വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള എൻക്വയറി (എൻക്വയറി നമ്പർ - 32 /29.08.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

2. ബിൽ നം 10/21-22 പ്രകാരം 246352/- രൂപ മാറിയതിൽ 10760/- രൂപയുടെ ചിലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

3. ബിൽ നം 12/21-22 പ്രകാരം 336240/- രൂപ മാറിയതിൽ 10590/- രൂപയുടെ ചിലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

4. ബില്ലിലെ തീയതിയും സ്റ്റോക്ക് രജിസ്റ്ററിലെ തീയതിയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ബിൽ നം.<br>(ബിൽ ബുക്ക് പ്രകാരം) | ബില്ലിലെ തീയതി, തുക | രജിസ്റ്ററിലെ തീയതി |
|---|---|---|
| 15/21-22<br>(246352) | 12/11/2021<br>235592.31 | ഒക്ടോബർ |

| | | |
|---|---|---|
| 12/21-22<br>(336240) | 14.01.2022<br>325649.97 | ഡിസംബർ |

സാധനങ്ങൾ വാങ്ങി സ്റ്റോക്കിലെടുക്കുമ്പോൾ ബില്ലിലെ തീയതിയാണ് സ്റ്റോക്ക് രജിസ്റ്ററിലും രേഖപ്പെടുത്തുന്നത്. എന്നാൽ ഇവിടെ ബില്ലിലെ തീയതിക്ക് മുൻപേതന്നെ സ്റ്റോക്ക് എടുത്തിരിക്കുന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

5. മേൽ പദ്ധതിക്കായി ചെലവഴിച്ച 14/03/2022 ന് മാറിയ 37504/- രൂപയുടെയും 24/03/2022 ന് മാറിയ 287655/- രൂപയുടെയും തനത് ഫണ്ടിൽ നിന്ന് തുക ലഭിച്ചതിന്റെ ചെക്ക്/ഡിഡി നമ്പർ, തീയതി എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ എൻക്വയറി (എൻക്വയറി നമ്പർ - 32 /29.08.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 8 |
| പ്രോജക്ടിന്റെ പേര് | അനുപൂരക പോഷകാഹാരം (SCP) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| അടങ്കൽ തുക | 162490/-രൂ |
| ചെലവ് തുക | 50417/-രൂ |

1. മേൽ പദ്ധതിക്കായി 50417/- രൂപയാണ് സുലേഖ പത്രിക പ്രകാരം ചെലവായിരിക്കുന്നത്. എന്നാൽ 50992/- രൂപയുടെ ചെലവ് രേഖകളാണ് പരിശോധനയ്ക്കായി ഹാജരാക്കിയിരിക്കുന്നത് (17390+17197+16405). പ്രസ്തുത ബില്ലുകളിൽ 18/6/2021ൽ മാറിയ 17390/- രൂപയുടെയും 24/01/2022 ൽ മാറിയ 17197/- രൂപയുടെയും തനത് ഫണ്ടിൽ നിന്ന് തുക ലഭിച്ചതിന്റെ ചെക്ക്/ഡിഡി നമ്പർ, തീയതി എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ എൻക്വയറി(എൻക്വയറി നമ്പർ - 32 /29.08.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ കളക്ഷനായി രേഖപ്പെടുത്തിയിരിക്കുന്നു.

സാംഖ്യ ക്യാൻസൽഡ് റസീപ്റ്റ് റിപ്പോർട്ട് പരിശോധിച്ചതിൽ താഴെപ്പറയുന്ന റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ, സഞ്ചയ സോഫ്റ്റ് വെയറിലെ കളക്ഷനിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നതായി കണ്ടു.

| Sl No | Ward No | Door No | Sub No | Owner Details | Receipt No | Receipt Date | Amount |
|---|---|---|---|---|---|---|---|
| 1 | 17 | 407 | | Shihabudeen M | 121150101488 | 12.08.2021 | 69 |
| 2 | 4 | 209 | | Chandrika Amma | 121150102674 | 12.10.2021 | 1535 |
| 3 | 8 | 176 | | Satheesan | 121150103369 | 26.10.2021 | 351 |
| 4 | 15 | 387 | | M Soman Nair | 121150106711 | 22.03.2021 | 307 |

മേൽ രസീതുകൾ സഞ്ചയയിൽ നിന്ന് നീക്കം ചെയ്യാത്തതിനും, നികുതി വരവായി ഉൾപ്പെടുത്തിയതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള എൻക്വയറി (എൻക്വയറി നമ്പർ - 27 /29.08.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർവർഷങ്ങളിലെ കളക്ഷനിൽ പ്രസ്തുത തുക ഈടാക്കിയിട്ടുണ്ടോ നികുതി വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ച് സാക്ഷ്യപ്പെടുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-18 രസീത് പരിപാലനം തൃപ്തികരമല്ല.

1. രസീത് ബുക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന രസീതുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല എന്നു കണ്ടു.

| രസീത് ബുക്ക് നം./ രസീത് നം. | ഇനം | തുക |
|---|---|---|

| | | |
|---|---|---|
| 10118/31 | PT | 139 |
| 10118/33 | PT | 820 |
| 10118/36 | PT | 54 |
| 10118/40 | PT | 1114 |

2. 20312 ാംനമ്പർ രസീത് ബുക്കിൽ സെക്രട്ടറി സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ എൻക്വയറി (എൻക്വയറി നം 40/31.08.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പല രസീതുകളിലും ആദ്യ രേഖപ്പെടുത്തലുകൾക്ക് മീതെ രേഖപ്പെടുത്തലുകളും തിരുത്തലുകളും വരുത്തിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.
ഭാവിയിൽ രസീതുകൾ പരിപാലിക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-19 ഹരിത കർമ്മസേന

2021-22 വർഷം അരുവിക്കര ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന പ്രവർത്തനങ്ങൾക്കായി വി ഇ ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്റ്റ് നം.181, 212 എന്നിവ പ്രകാരം യഥാക്രമം, 144000 രൂപ, 332000 രൂപ എന്നിങ്ങനെ തുക ചെലവഴിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം 166 പട്ടിക 3 പ്രകാരം ശുചിത്വം, മാലിന്യ സംസ്കരണം എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഇതിനായി വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ഹരിത കർമ്മസേന വഴി ശേഖരിക്കുക മാലിന്യ ശേഖരണ കേന്ദ്രങ്ങളിൽ എത്തിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

ഹരിത കർമ്മ സേന സംരംഭകർ നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കുന്നതിനും ഹരിത സംരഭകർക്കുവേണ്ടി സ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ സർക്കാരിതര ഏജൻസികളുമായുള്ള ഏകോപനം, ഹരിത സംരംഭകർക്കുള്ള വിഭവങ്ങളുടെ സമാഹരണം, വൈദഗ്ധ്യ പരിശീലനങ്ങൾ നൽകൽ, പരാതി പരിഹരിക്കൽ, ഹരിത ഉപകരണങ്ങളുടെ സമാഹരണവും വിതരണവും, കമ്മിറ്റി യോഗങ്ങൾ നടത്തൽ, കണക്കുകൾ സൂക്ഷിക്കൽ, സാമ്പത്തിക ഇടപാടുകൾ എന്നിവ ഹരിത കർമ്മ സേനാ കൺസോർഷ്യത്തിന്റെ ചുമതലയിൽപ്പെടുന്നു. അറ്റൻഡൻസ് രജിസ്റ്റർ, മിനിട്ട്സ് ബുക്ക്, ക്യാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. ഹരിത കൺസോർഷ്യത്തിന്റെ കണക്കുകൾ കൺസോർഷ്യം സെക്രട്ടറി എഴുതുകയും സമിതിയുടെ പൊതുയോഗത്തിൽ കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങുകയും ചെയ്യേണ്ടതാണ്. ഇപ്രകാരമുള്ള നടപടിക്രമങ്ങളൊന്നും പഞ്ചായത്തിൽ നടന്നിട്ടില്ല.

മാർഗ്ഗരേഖ പ്രകാരം ഹരിത കർമ്മ സേനയ്ക്ക് വാർഡുകളിൽ നിന്നും മാലിന്യ ശേഖരണത്തിനായി യൂസർ ഫീസ്, അജൈവ മാലിന്യം ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതിലൂടെ വരുമാനം, ആഘോഷങ്ങളും ഉത്സവങ്ങളും മറ്റ് പരിപാടികളും ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം ഏറ്റെടുത്ത് നടപ്പാക്കുന്നതിലൂടെയുള്ള വരുമാനം, ഹരിത ഉപകരണങ്ങളുടെ വിൽപ്പനയും സർവ്വീസും, പൊതു മാലിന്യ സംവിധാനങ്ങളുടെ നടത്തിപ്പ്, കാർഷിക സേനയായി പ്രവർത്തിക്കുന്നതിൽ നിന്നുള്ള വരുമാനം എന്നിങ്ങനെ വിവിധങ്ങളായ വരുമാന സ്രോതസ്സുകൾ വിഭാവനം ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങളൊന്നും പഞ്ചായത്തിൽ നടന്നിട്ടില്ല.

ഹരിത കർമ്മസേന, ഹരിത കൺസോർഷ്യം എന്നിവയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി മോണിട്ടർ ചെയ്യപ്പെടുന്നില്ല. പദ്ധതി പ്രവർത്തനങ്ങൾ യഥാസമയം മോണിറ്റർ ചെയ്യേണ്ടതും ഹരിത സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി സംരഭകത്വത്തിൽ നിന്നും സേവനങ്ങൾ നൽകുന്നതിൽ നിന്നുമുള്ള വരുമാനം കൂടി ലഭ്യമാക്കാൻ സംരംഭകരെ പ്രാപ്തമാക്കേണ്ടതുമാണ്.

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഹരിതകർമ്മ സേന അംഗങ്ങൾക്ക് ആവശ്യമായ പരിശീലനവും, മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച ബോധവൽക്കരണ ക്ലാസുകളും നൽകേണ്ടതാണ്.

സ.ഉ(സാധാ)നം.1496/2020/തസ്വ ഭവ തീയതി 12.08.2020 ഹരിതകർമ്മസേന -പ്രവർത്തനമാർഗരേഖ ഖണ്ഡിക 20 പ്രകാരം ഹരിതകർമ്മസേന/ഹരിതകൺസോർഷ്യം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കേണ്ടതും പഞ്ചായത്ത് സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവർ മോണിറ്റർ ചെയ്യേണ്ടതുമാണ്. കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ കൂടുവാനും അവയുടെ മിനിട്ട്സ് രേഖപ്പെടുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് നം 11/2018/ തസ്വഭവ ഖ. 13.1 പ്രകാരം പ്രോജക്റ്റ് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ് അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും മോണിറ്ററിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. ആയതു പ്രകാരം തയ്യാറാക്കിയ പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രങ്ങളും മോണിറ്ററിംഗ് റിപ്പോർട്ടുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 25 ന് മറുപടി ലഭ്യമാക്കിയില്ല. മേല്പറഞ്ഞ രേഖകൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

1-20 ലൈഫ് ഭവന നിർമ്മാണം-പൂർത്തിയാക്കിയിട്ടില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | VEO |
| പദ്ധതി,നം | ലൈഫ് അനുബന്ധ പ്രവർത്തനങ്ങൾ,(ജനറൽ), 20<br>ലൈഫ് അനുബന്ധ പ്രവർത്തനങ്ങൾ,(SCP), 22 |
| അടങ്കൽ തുക | 2874785- വികസന ഫണ്ട്(scp)<br>3500000- പൊതു വിഭാഗം സാധാരണ വിഹിതം<br>3000000- മറ്റ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>മറ്റുള്ളവ-2100000 |
| ചെലവ് തുക | 2860000- വികസന ഫണ്ട് (Scp)<br>1380000-പൊതു വിഭാഗം സാധാരണ വിഹിതം<br>300000-മറ്റ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>2100000-മറ്റുള്ളവ-2100000 |

1.ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി) എന്ന പ്രോജക്ട് പ്രകാരം 2018-19 ൽ എഗ്രിമെന്റ് വച്ച്, ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം -22).

| ക്രമ നം | പേര് | നിലവിലെ സ്ഥിതി | കൈപ്പറ്റിയ തുക(രൂപ) | അക്വിറ്റൻസ് ക്രമ നം. |
|---|---|---|---|---|
| 1 | രാജൻ | പണി തുടങ്ങിയില്ല. | 40000 | 13 |
| 2 | സതിലാൽ | ടി | 40000 | 14 |
| 3 | സനിത വിജയൻ | ടി | 40000 | 15 |
| 4 | ചന്ദ്രിക | ബെയ്സ്മെന്റ് | 200000 | 17 |

ലൈഫ് ഭവന നിർമ്മാണം (ജനറൽ) എന്ന പ്രോജക്ട് പ്രകാരം 2018-19 ൽ എഗ്രിമെന്റ് വച്ച്, ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | പേര് | നിലവിലെ സ്ഥിതി | തുക | അക്വിറ്റൻസ് ക്രമ നം. |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | വസന്തകുമാരി | പണി തുടങ്ങിയില്ല. | 40000 | 33 |
| 2 | ശിവാംബിക | ലിന്റൽ | 40000 | 40 |
| 3 | സന്ധ്യാ റാണി | ലിന്റൽ | 40000 | 67 |
| 4 | മാർട്ടിൻ | പണി തുടങ്ങിയില്ല. | 40000 | 161 |
| 5 | പുഷ്പമണി | മേൽക്കൂര | 300000 | 167 |
| 6 | ഷൈലജ | മേൽക്കൂര | 280000 | 174 |
| 7 | ഷേർളി | ലിന്റൽ | 260000 | 176 |

ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ഭവനനിർമ്മാണത്തിനായി തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാ എങ്കിൽ ഇതിനായി അനുവദിച്ച തുക പലിശ സഹിതം തിരികെ ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 ലൈഫ് അനുബന്ധ പ്രവർത്തനങ്ങൾ-അപാകങ്ങൾ

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | VEO |
| പദ്ധതി,നം | ലൈഫ് അനുബന്ധ പ്രവർത്തനങ്ങൾ, (ജനറൽ), 20 ലൈഫ് അനുബന്ധ പ്രവർത്തനങ്ങൾ, (SCP),22 |
| അടങ്കൽ തുക | 2874785- വികസന ഫണ്ട് (Scp)<br>3500000- പൊതു വിഭാഗം സാധാരണ വിഹിതം<br>3000000- മറ്റ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>മറ്റുള്ളവ-2100000 |
| ചെലവ് തുക | 2860000- വികസന ഫണ്ട് (Scp)<br>1380000-പൊതു വിഭാഗം സാധാരണ വിഹിതം<br>300000-മറ്റ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>2100000-മറ്റുള്ളവ-2100000 |

കേരളത്തിലെ ഭവനരഹിതരുടെ പ്രശ്നങ്ങൾക്ക് സമഗ്ര പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടം വിജയകരമായി പൂർത്തീകരിക്കുകയും രണ്ടാം ഘട്ടം വിജയകരമായി പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. കേരളത്തിലെ എല്ലാ അർഹരായ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗമാകാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ

പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ നൽകുക എന്ന ഉദ്ദേശത്തോടെയാണ് ലൈഫ് മിഷൻ എന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നത്.

പദ്ധതിയുടെ ഗുണഭോക്താക്കളെ കുടുംബശ്രീ സർവ്വെയുടെയും, പഞ്ചായത്ത് തല സർവ്വെയുടെയും അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുകയും ധനസഹായം അനുവദിക്കുകയും ചെയ്യുന്നു.

മേൽ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ പൊതുവായി താഴെപറയുന്ന അപാകങ്ങൾ കണ്ടു.

1. ഗുണഭോക്താക്കൾ ഉൾപ്പെടുന്ന റേഷൻ കാർഡിലെ മറ്റു അംഗങ്ങൾക്ക് സ്വന്തമായി, വീടില്ല എന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യ പത്രം ഫയലിൽ ഇല്ല. ഉദാഹരണമായി, കാച്ചാണി വാർഡിലെ ഗുണഭോക്താവായ കുമാരി.ഷെറിൻ .ജെ. എന്ന ഗുണഭോക്താവ് ഉൾപ്പെടുന്ന റേഷൻ കാർഡിൽ, ടിയാളെക്കൂടാതെ, അച്ഛൻ, അമ്മ, സഹോദരൻ എന്നീ അംഗങ്ങൾ ആണുള്ളത്. എന്നാൽ ടിയാൾ ഭവനരഹിതയാണ് എന്ന് തെളിയിക്കാൻ, ടിയാളുടെ പേരിൽ വീട് വാടക എടുത്തതിന്റെ വാടക ചീട്ടാണ് ഫയലിൽ ഉള്ളത്.

2.വിവാഹിതരായ പല ഗുണഭോക്താക്കളും, സ്വന്തം മാതൃകുടുംബത്തിലെ റേഷൻ കാർഡിന്റെ പകർപ്പാണ് ലഭ്യമാക്കിയിട്ടുള്ളത്. ടി കുടുംബത്തിലെ മറ്റ് അംഗങ്ങൾക്ക് സ്വന്തമായി വീടില്ല, എന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യ പത്രം ഫയലിൽ ഇല്ല. കൂടാതെ, പങ്കാളിയുടെ പേരിൽ സ്വന്തമായി വീടില്ല, എന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യ പത്രം ഫയലിൽ ഇല്ല.

3.അർഹതാ മാനദണ്ഡങ്ങൾ പാലിക്കുന്ന ഗുണഭോക്താവാണ് താൻ എന്ന സ്വയം സാക്ഷ്യപ്പെടുത്തൽ ഫോറം മിക്ക ഫയലുകളിലും ഇല്ല. ഉള്ളതിൽ പലതിലും ഗുണഭോക്താവ് ഒപ്പു വച്ചിട്ടില്ല.

4.പല ഗുണഭോക്താക്കളുടെ കാര്യത്തിലും നൽകിയ തുക, തീയതി തുടങ്ങിയവ പൂർണ്ണമായി അക്വിറ്റൻസിൽ രേഖപ്പെടുത്തിയിട്ടില്ല.

5.വീടുപണി പൂർത്തീകരിച്ച ഫയലുകളിൽ, പഞ്ചായത്ത് അംഗത്തിന്റെ പൂർത്തീകരണ സാക്ഷ്യ പത്രം, മോണിറ്ററിംഗ് റിപ്പോർട്ട്, സ്റ്റേജ് സർട്ടിഫിക്കറ്റ്, എന്നിവ ഫയലിൽ ഇല്ല.

6.പഞ്ചായത്ത് തലത്തിൽ ഭവനനിധി രൂപീകരിച്ചിട്ടില്ല.

മേല്പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി നം.35 ന് മറുപടി ലഭ്യമാക്കിയില്ല. മറുപടി അടിയന്തിരമായി ലഭ്യമാക്കേണ്ടതും മേലിൽ ഫയലുകൾ പ്രസക്തമായ രേഖകൾ എല്ലാം ഉൾപ്പെടുത്തി, കുറ്റമറ്റ രീതിയിൽ പരിപാലിക്കേണ്ടതുമാണ്.

## 1-22 ഭിന്ന ശേഷി വനിതകൾക്ക് പെട്ടിക്കട-രേഖകൾ ഹാജരാക്കിയില്ല-40,000/- രൂപ തടസ്സം ചെയ്യുന്നു.

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി, പ്രോജക്ട് നം.SO.109,-'ഭിന്നശേഷി വനിതകൾക്ക് പെട്ടിക്കട' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി, 40,000/- രൂപ ബിൽ നമ്പർ 170/12.10.21 മുഖേന ചെലവഴിച്ചതായി സുലേഖ ചെലവു പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടി പദ്ധതിയുടെ ഫയൽ ഓഡിറ്റിനു ലഭ്യമാക്കിയില്ല. ടി തുക, 12/10/21 ൽ ശ്രീ.ചന്ദ്രശേഖരൻ നായർ, മുണ്ടേല എന്ന വ്യക്തിക്കു നൽകിയതായി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. ശ്രീ.ചന്ദ്രശേഖരൻ നായർ, പെട്ടിക്കട നിർമ്മിച്ചു നൽകിയ വ്യക്തിയാണ് എന്ന് മുൻവർഷത്തെ ഫയലുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ വ്യക്തിഗത ഫയൽ ലഭ്യമാക്കാത്തതിനാൽ ഗുണഭോക്താവിന്റെ വിശദാംശം ലഭ്യമല്ല. ഇതു സംബന്ധിച്ചു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. അതിനാൽ ടി 40,000/- രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.

## 1-23 ലൈഫ് പദ്ധതി-ഫണ്ട് വകയിരുത്തൽ-സർക്കാർ ഉത്തരവു പാലിച്ചില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | VEO |
| പദ്ധതി,നം. | ലൈഫ് അനുബന്ധ പ്രവർത്തനങ്ങൾ, |

| | |
|---|---|
| | (ജനറൽ),20 ലൈഫ് അനുബന്ധ പ്രവർത്തനങ്ങൾ,(SCP),22 |
| അടങ്കൽ തുക | 2874785- വികസന ഫണ്ട് (Scp)<br>3500000- പൊതു വിഭാഗം സാധാരണ വിഹിതം<br>3000000- മറ്റ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>മറ്റുള്ളവ-2100000 |
| ചെലവ് തുക | 2860000- വികസന ഫണ്ട്(scp)<br>1380000-പൊതു വിഭാഗം സാധാരണ വിഹിതം<br>300000-മറ്റ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>2100000-മറ്റുള്ളവ-2100000 |

സർക്കാർ ഉത്തരവ് നം. G.O. (MS) No.68/2018/LSGD, തീ.18-5-18 പ്രകാരം, ലൈഫ് ഗുണഭോക്താക്കൾക്ക് തദ്ദേശ സ്ഥാപനങ്ങൾ 20% തുക, സർക്കാർ സഹായമായി ഒരു കുടുംബത്തിന് ഒരു ലക്ഷം രൂപ, ബാക്കി തുക ഹഡ്കോ വായ്പ എന്നിങ്ങനെയാണ് തുക വകയിരുത്തേണ്ടത്. എന്നാൽ അരുവിക്കര ഗ്രാമ പഞ്ചായത്തിന്റെ സുലേഖ ചെലവു പത്രിക പ്രകാരം, സംസ്ഥാനാവിഷ്കൃത ഫണ്ടിലെ വകയിരുത്തലും, ചെലവും, ശൂന്യമാണ്. ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി നം.26 ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ സഹായമായി ഒരു കുടുംബത്തിന് ഒരു ലക്ഷം രൂപ നിരക്കിൽ ലഭ്യമാക്കുന്ന തുകയും, ഹഡ്കോ വായ്പയായി വരുന്ന തുകയും ഒരേ അക്കൗണ്ടിൽ വരവു വയ്ക്കുന്നതാണ് മേൽ അപാകത്തിനു കാരണം എന്ന്, AFS പരിശോധനയിൽ വ്യക്തമാകുന്നു. മേലിൽ ടി പദ്ധതിക്ക് തുക വകയിരുത്തുമ്പോൾ സർക്കാർ ഉത്തരവ് പാലിക്കേണ്ടതും സർക്കാർ ധനസഹായം കൃത്യമായി ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-24 ലൈഫ്-അധികം തുക നല്കി.

പ്രോജക്ട് നം. 22, "ലൈഫ് അനുബന്ധ പ്രവർത്തനങ്ങൾ" എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി, സുനിൽ കുമാർ, മുണ്ടേല എന്ന ഗുണഭോക്താവിന്, ആദ്യഗഡുവായി, അംഗീകൃത പദ്ധതി പ്രകാരം, നൽകേണ്ട 40000 രൂപയ്ക്കു പകരം, 120000 നൽകിയിരിക്കുന്നു.(ബിൽ നം.6/11-2-22, തുക-2510000) ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നം. 36 ന് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത ഗുണഭോക്താവ് ഗൃഹനിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതും മേലിൽ ഗുണഭോക്താക്കൾക്ക് തുക നല്കുമ്പോൾ സർക്കാർ ഉത്തരവ് പാലിക്കേണ്ടതുമാണ്.

## 1-25 ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കി അടച്ചിട്ടില്ല

കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം 2017 വകുപ്പ് 51(1), കേന്ദ്ര ധനകാര്യ വകുപ്പിന്റെ 13.09.2018-ലെ 50/2018-Central Tax വിജ്ഞാപനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി-ടി.ഡി.എസ്. ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പ് 24(vi) പ്രകാരം സ്രോതസ്സിൽ നിന്നും നികുതി പിടിക്കാൻ ബാധ്യസ്ഥരായവർ നിർബന്ധമായും Tax Deductor രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. സ.ഉ.(പി)162/2018/ധന തീയതി 22.10.2018 പ്രകാരം ടി.ഡി.എസ് പിടിച്ച് അടവാക്കേണ്ട നടപടിക്രമങ്ങൾ

വിശദമാക്കിയിട്ടുമുണ്ട്. അരുവിക്കര ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷം, താഴെ പറയുന്ന വിധം വാങ്ങലുകൾ നടത്തിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നം,പേര് | വിതരണ സ്ഥാപനം | തുക (രൂപ) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | 265, LED ലൈറ്റ് വാങ്ങൽ | യുണൈറ്റഡ് ഇലക്ട്രിക്കൽസ് | 545398 | സെക്രട്ടറി |
| 2 | 118, LED ലൈറ്റ് വാങ്ങൽ | യുണൈറ്റഡ് ഇലക്ട്രിക്കൽസ് | 198302 | സെക്രട്ടറി |
| 3 | 118, LED ലൈറ്റ് വാങ്ങൽ | യുണൈറ്റഡ് ഇലക്ട്രിക്കൽസ് | 994000 | സെക്രട്ടറി |
| 4 | 120, മാലിന്യ വാഹനം വാങ്ങൽ | ഒനീറോ ഡിജിറ്റൽസ് പ്രൈവറ്റ് ലിമിറ്റഡ് | 407187 | സെക്രട്ടറി |
| 5 | 219, AE ഓഫീസിലേക്ക് ഫർണിച്ചർ | കാഡ്കോ | 49556 | സെക്രട്ടറി |
| 6 | 93, വയോജനങ്ങൾക്ക് കട്ടിൽ (SC) | കാഡ്കോ | 295764 | അസി.സെക്രട്ടറി |
| 7 | 94, വയോജനങ്ങൾക്ക് കട്ടിൽ | കാഡ്കോ | 434948 | അസി.സെക്രട്ടറി |

എന്നാൽ, മേല്പറഞ്ഞ ബില്ലുകളിൽ സ്ഥാപനങ്ങൾക്ക് ജി.എസ്.ടി. ബില്ലിനോടൊപ്പം നല്കിയിട്ടുണ്ടെങ്കിലും, ആയതിന്റെ 2% ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കിയതായി കാണുന്നില്ല. അരുവിക്കര ഗ്രാമ പഞ്ചായത്ത്, ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്തിട്ടുള്ളതായി ഓഡിറ്റ് എൻക്വയറി നം.6 ന് ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി-നടത്തിപ്പിൽ സുതാര്യതയില്ല

അരുവിക്കര ഗ്രാമ പഞ്ചായത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി -KWA നിർവ്വഹണ ഏജൻസിയായി 2020-21 മുതൽ നടപ്പിലാക്കി വരുന്നതായും, പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പഞ്ചായത്തിന്റെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ നിന്നല്ലാതെ പലർക്കും കുടിവെള്ള കണക്ഷൻ ലഭിച്ചതായും, ജനറൽ കമ്മിറ്റി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൻവർഷം സുലേഖ ചെലവ് പത്രിക പ്രകാരം, ടി പദ്ധതിക്കായി തുക വകയിരുത്തുകയോ ചെലവ് നടത്തുകയോ ചെയ്തതിട്ടില്ല. ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതിയിൽ അംഗമാകാനായി, അടങ്കൽ തുകയുടെ 15% പഞ്ചായത്ത് വിഹിതമായും, 10% പഞ്ചായത്തിൽ ഒടുക്കു വരുത്തുന്ന ഗുണഭോക്തൃവിഹിതമായും വകയിരുത്തിയാണ് മേൽ പദ്ധതി തയ്യാറാക്കിയത് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായി കണ്ടു. ഓഡിറ്റ് എന്ക്വയറി നം 12 പ്രകാരം താഴെ പറയുന്ന വിശദാംശം ആവശ്യപ്പെട്ടു എങ്കിലും ആയവ ലഭ്യമാക്കിയില്ല.

(A)പദ്ധതിയുടെ അംഗീകൃത പ്രോജക്ട് ഫോം.

(B)പഞ്ചായത്ത് തയ്യാറാക്കി, KWA ക്കു നല്കിയ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ്.

(C)പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പഞ്ചായത്തിൽ ഗുണഭോക്തൃ വിഹിതം അടച്ച ഗുണഭോക്താക്കളുടെ എണ്ണം.
(D)പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പഞ്ചായത്തിന്റെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ നിന്നല്ലാതെ കുടിവെള്ള കണക്ഷൻ ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം.
(E)മുൻവർഷങ്ങളിൽ ടി പദ്ധതിക്കായി KWAയിൽ തുക ഒടുക്കിയതിന്റെ വിശദാംശം.

(F)പഞ്ചായത്ത് അംഗീകരിച്ച് നൽകിയ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും കുടിവെള്ള കണക്ഷൻ ലഭിച്ച സാഹചര്യത്തിൽ ഇക്കാര്യത്തിൽ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ വിവരം.

(G)നാളിതുവരെ ടി പദ്ധതി യിലൂടെ കുടിവെള്ള കണക്ഷൻ ലഭിച്ചവരുടെ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ്.
(H)ടി പദ്ധതിക്കായി KWA യുമായി ഒപ്പുവച്ച എഗ്രിമെന്റ്.
മേല്പറഞ്ഞ രേഖകൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

2021-22 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി4 ഷെഡ്യൂൾ പ്രകാരംBenificiary Contribution (320800101) ഇനത്തിൽ 1084026/- രൂപയും നീക്കിയിരിപ്പുണ്ട്. ആയത് ചെലവഴിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 5നുള്ള മറുപടിയിൽ പ്രസ്തുത തുകയിൽ 1082900/-രൂപ ജലജീവൻ മിഷൻ പദ്ധതിയുടെ 637 ഗുണഭോക്താക്കൾ 1700/-രൂപ വീതം ഒടുക്കിയതാണെന്നും പദ്ധതി നടപ്പിലാക്കുന്ന മുറയ്ക്ക് കേരള വാട്ടർ അതോറിറ്റിയ്ക്ക് കൈമാറുന്നതാണെന്നും അറിയിച്ചിരിക്കുന്നു. പ്രസ്തുത തുകകൾ ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-27 വസ്തു നികുതി പുനർ നിർണ്ണയം-കമ്മിറ്റി നടപടി മാതൃകാപരം

അരുവിക്കര ഗ്രാമ പഞ്ചായത്തിൽ ചില കെട്ടിട ഉടമകൾ, കെട്ടിടം വിപുലീകരിച്ച ശേഷവും പഴയ നിരക്കിൽ തന്നെ കെട്ടിട നികുതി അടച്ച് വരുന്നതായും, ടി കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തംഗങ്ങളുടെ കൂടി സഹകരണത്തോടെ ഫീൽഡു തല അന്വേഷണം നടത്തി കണ്ടെത്തുന്നതിന് തീരുമാനിച്ചതായും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 9/11/21 ലെ തീരുമാനം നം III(1) ൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ആരാഞ്ഞു കൊണ്ടു നല്കിയ ഓഡിറ്റ് എൻക്വയറി നം.9 ന് ലഭ്യമാക്കിയ മറുപടിയിൽ, ടി വിഷയത്തിന്മേൽ ജനറൽ കമ്മിറ്റിയുടെ തുടർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാർഡ് തല അന്വേഷണം നടത്തി, നാല്പതോളം കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ചതായി അറിയിച്ചു. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, ജനറൽ കമ്മിറ്റിയുടെയും നടപടി മാതൃകാപരവും, ശ്ലാഘനീയവുമാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വരും വർഷങ്ങളിലും മേല്പറഞ്ഞ രീതിയിൽ നികുതിചോർച്ച തടയാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല-1948000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

(പ്രോജക്ട് നം.119 പ്രകാരം,'പൈപ്പ് ലൈൻ നീട്ടൽ' പ്രവൃത്തിക്കായി, സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി, ബിൽ നം.383/25-2-22 പ്രകാരം, 1948000/- രൂപ KWA യ്ക്ക് കൈമാറിയിട്ടുണ്ട്). എന്നാൽ ടി തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യ പത്രം, പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യ പത്രം എന്നിവ ഫയലിൽ ലഭ്യമല്ല. ടി രേഖകൾ ലഭ്യമാക്കാൻ, KWA യ്ക്ക് കത്തു നൽകിയിട്ടുള്ളതായി, ഓഡിറ്റ് എൻക്വയറി നം.8 ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി രേഖകൾ ലഭ്യമാക്കുന്നതിന് വിധേയമായി, 1948000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-29 വെള്ളക്കരം-KWA ബില്ലുകളിൽ പൊരുത്തക്കേട്

ഗ്രാമപഞ്ചായത്ത് പ്രതിമാസം 203062/- രൂപയാണ് വെള്ളക്കരമായി KWA യ്ക്ക് നല്കിവന്നത്. ആകെ 442 ടാപ്പുകൾക്കാണ് പ്രസ്തുത തുക നല്കി വന്നത്. എന്നാൽ KWA യുടെ ബില്ലുകളിൽ Closing Balance, Fine എന്നിവ കൂടി ഉൾപ്പെടുത്തിയുള്ള തുകയാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. ഉദാഹരണമായി, 2021 നവംബർ മാസത്തെ ബിൽ പ്രകാരം, Closing Balance As On 30-11-21, 410185/- രൂപയും, Demand For The Month 203062/- രൂപയും, ഫൈൻ 8122/- രൂപയും ചേർത്ത് ആകെ Amount Payable 621369/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത്, ടി തുക തന്നെയാണ് വെള്ളക്കരമായി KWA യ്ക്ക് നല്കിയിട്ടുള്ളത്. 2021 ജനുവരി മാസത്തെ ബിൽ പ്രകാരം, Closing Balance As On 31-12-21, 12265/- രൂപയും, Demand For The Month 203062/- രൂപയും, ചേർത്ത് ആകെ Amount Payable 215327/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത്, തൻമാസ തുകയായ 203062/- രൂപയാണ്

വെള്ളക്കരമായി KWA യ്ക്ക് നല്കിയിട്ടുള്ളത്. ബില്ലുകളിലെ പൊരുത്തക്കേട് സംബന്ധിച്ച് KWA യ്ക്ക് പല തവണ കത്ത് നൽകിയെങ്കിലും, നടപടി ഒന്നും ഉണ്ടായില്ല എന്ന് ഓഡിറ്റ് എൻക്വയറി നം.2 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ സംയുക്ത പരിശോധന നടത്തിയതിന്റെ വിശദാംശം ടി ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിരുന്നുവെങ്കിലും, ആയത് ലഭ്യമാക്കിയില്ല. വെള്ളക്കരം സംബന്ധിച്ച ആശയക്കുഴപ്പം പരിഹരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-30 കന്നുകുട്ടി പരിപാലനം -632722/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പദ്ധതി,നം | കന്നുകുട്ടി പരിപാലനം -65/22 |
| അടങ്കൽ തുക | 937500, വികസന ഫണ്ട്<br>937500- ഗുണഭോക്തൃവിഹിതം<br>ആകെ-1875000 |
| ചെലവ് തുക | ബിൽ നം.-06/21-22, 17.12.21-575000/-<br>ബിൽ നം.-07/21-22, 04.01.21 -362500/-<br>ആകെ -937500 |

കന്നുകുട്ടികൾക്ക് ശരിയായ പോഷണം നൽകി പാലുൽപാദനശേഷി കൂട്ടുകയും അതുവഴി കർഷകർക്ക് കൂടുതൽ സാമ്പത്തിക ലാഭം കൊടുക്കുകയും ചെയ്യുന്നതിനായി വിഭാവനം ചെയ്തതാണ് മേൽ പദ്ധതി .

മേൽ പദ്ധതി നടപ്പിലാക്കുന്നതിനായി തിരുവനന്തപുരം എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർക്ക് 937500/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ 304778/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രമാണ് പരിശോധനയ്ക്കായി ലഭ്യമാക്കിയത്. ബാക്കിയുള്ള 632722/- രൂപയുടെ വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം -30/29.08.2022ന് മേൽ പദ്ധതി ഒരു കന്നുകുട്ടിക്ക് 12500/- സബ്സിഡി തികയുന്നതുവരെയോ കന്നുകുട്ടിക്ക് 30 മാസം തികയുംവരെയോ തുടരുന്നുവെന്നും, ആയതിനാൽ വികസനഫണ്ടിൽ നിന്നും നാളിതുവരെ 304778/- മാത്രമേ ചിലവായിട്ടുള്ളൂവെന്നും പദ്ധതി തീരുന്ന മുറയ്ക്ക് ബാക്കിയുള്ള 632722/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 632722/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുമ്പോൾ തടസ്സം ഒഴിവാക്കുന്നതാണ്.

## 1-31 ആസ്തി പരിപാലനം

പദ്ധതി മാർഗരേഖ സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. പരിശോധനയ്ക്കായി ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ പുതിയ ആസ്തികൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയ ആസ്തികൾ, ആസ്തികളുടെ അവസാന മെയിന്റനൻസ് നടത്തിയത് എന്നീ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്) 255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം

ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും (AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. മേൽ നടപടിക്രമങ്ങൾ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ടോ എന്നത് പാലിച്ചതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം -10/26 .08.2022ന് മേൽ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-32 പെരുവരമ്പ് പുലച്ച റോഡ് റീടാറിംങ്-പ്രവൃത്തി നടത്തിപ്പിലെ അപാകങ്ങൾ

1.പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായി പ്രോജക്റ്റ് റിവൈസ് ചെയ്തിരിക്കുന്നു

കേരള PWD മാന്വൽ സെക്ഷൻ 1601.1.4 പ്രകാരം Detailed Estimate തയ്യാറാക്കി സാങ്കേതിക അനുമതി നേടിയ ശേഷം പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായി പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ മാറ്റം വരുകയാണെങ്കിൽ റീകാസ്റ്റ് എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടത്. എന്നാൽ ചുവടെ ചേർക്കുന്ന പദ്ധതി ആരംഭിക്കുന്നതിന് മുമ്പേ പ്രോജക്റ്റ് റിവൈസ് ചെയ്തിരിക്കുന്നു.

| പ്രോജക്റ്റ് നം. | കരാറുകാരന്റെ പേര് | കരാർ തീയതി | പ്രവൃത്തി ആരംഭിച്ച തീയതി | പ്രോജക്റ്റ് റിവൈസ് ചെയ്ത കമ്മറ്റി തീരുമാനം |
|---|---|---|---|---|
| പെരുവരമ്പ് പുലച്ച റോഡ് റീ ടാറിംങ്, SSO131/22 | എം.സോമൻ നായർ | 19.03.21 | 10.05.21 | 21.01.21 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.-33/31.08.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി ആരംഭിക്കുന്നതിനു മുമ്പേ മാറ്റങ്ങൾ വരുത്തുന്നതിനായി പ്രസ്തുത പ്രോജക്ട് ക്യാൻസൽ ചെയ്ത് റികാസ്റ്റ് എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടത്. പ്രസ്തുത അപാകങ്ങൾ ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2.കരാർ ചമയ്ക്കാൻ കാലതാമസം – നിയമാനുസൃത പിഴ ഈടാക്കിയില്ല

കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുകാരൻ തദ്ദേശ സ്ഥാപനവുമായി കരാർ ചമയ്ക്കേണ്ടതാണ്. 14 ദിവസത്തിനു ശേഷം 10 ദിവസത്തിനകം കരാർ ചമച്ചാൽ PAC യുടെ 1% പിഴ ഈടാക്കണം. ആയതിനാൽ ഈയിനത്തിൽ വരവ് നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയിൽ സെലക്ഷൻ നോട്ടീസ് അയച്ച തീയതി 04.11.20ഉം കരാർ ചമച്ച തീയതി 19.03.21 ഉം ആണ്. എന്നാൽ കരാർ ചമയ്ക്കാൻ കാലതാമസം ഉണ്ടായ മേൽ പ്രവൃത്തിയിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

നിയമാനുസൃതമല്ലാതെയും പിഴ ഈടാക്കാതെയും ആണ് കരാർ വച്ചിട്ടുള്ളത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് 33/31.08.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമപ്രകാരമല്ലാതെയാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളതെങ്കിലും പ്രവൃത്തിയുടെ നിർവ്വഹണം നടന്നിട്ടുള്ളതിനാൽ പിഴ ഈടാക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-33 നടപ്പിലാക്കാൻ തീരുമാനിച്ച സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കുന്നില്ല

ജി.ഓ.(എം.എസ്)നം.72/2017ത.സ്വ.ഭ.വ. തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. ചെലവ് പത്രിക പ്രകാരം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണം നടത്തുന്നതിനായി ഏറ്റെടുത്ത സ്പിൽ ഓവർ പ്രോജക്ടുകൾ നം.133, 168, 208, 138, 141, 148, എന്നിവ തൻവർഷം സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം നടപ്പിലാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ 13/26.08.22 യുടെ മറുപടിയിൽ നിന്നും വ്യക്തമായ മുന്നൊരുക്കമോ സ്ഥലപരിശോധനയോ ഇല്ലാതെ ദീർഘ വീക്ഷണത്തോടെയല്ലാതെയാണ് പദ്ധതികൾ ഏറ്റെടുക്കുന്നതെന്ന് വ്യക്തമായിട്ടുണ്ട്. ദീർഘ വീക്ഷണത്തോടെ പദ്ധതികൾ ഏറ്റെടുക്കേണ്ടതും പഞ്ചായത്തിന്റെ സമഗ്രവികസനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും സർക്കാർ നിർദ്ദേശം കർശനമായി പാലിക്കേണ്ടതുമാണ്.

## 1-34 ഗുണഭോക്തൃ സമിതി നിർവഹണം നടത്തുന്ന പദ്ധതികൾ - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

ജി.ഒ.(എം.എസ്)10/2017 തീയതി.09.01.17 ൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകൾ ചെലുത്തേണ്ട ചുമതലകളെപ്പറ്റി വിശദീകരിക്കുന്നുണ്ട്. സർക്കുലർ നം.1/1559/2010/സി.ഇ/ത.സ്വ.ഭ.വ/തീയതി 13.11.2014 പ്രകാരം ഗുണഭോക്തൃ സമിതി നിർവ്വഹണം നടത്തുന്ന പദ്ധതികൾക്ക് നല്കേണ്ട തുക സമിതിക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ സമിതി നിർവഹണം നടത്തിയ ചുവടെ പറയുന്ന മരാമത്ത് പദ്ധതികൾക്ക് സമിതി വരവ് ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതിയുടെ വിവരം | എം.ബുക്ക് പ്രകാരം അനുവദിച്ച തുക |
|---|---|---|
| 01 | S0179/22, മണമ്പൂര് അംഗൻവാടി മെയിന്റനൻസ് | 49960 |
| 02 | S0159/22, വെള്ളൂർക്കോണം ഗവ. എൽപി എസ് പുനരുദ്ധാരണം -വാർഡ്-1 | 251283 |

ഗുണഭോക്തൃ സമിതി അംഗീകരിച്ച ചെലവ് രേഖകൾ തൊഴിലാളികളെ നിയോഗിച്ചതിന്റെ മസ്റ്റർ റോൾ, മെറ്റീരിയൽസ് വാങ്ങിയതിന്റെ ബിൽ വൗച്ചറുകൾ, കൈപ്പറ്റ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുക അനുവദിച്ചതിന്റെ ആധികാരികത ഉറപ്പാക്കാൻ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കഴിഞ്ഞിട്ടില്ല. ഇത് കൺവീനർക്ക് അധിക ആനുകൂല്യം ലഭിക്കാൻ ഇടയാക്കിയേക്കാം ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി രൂപീകരണത്തിലും നിർവഹണത്തിലും മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകൾ ചെലുത്തേണ്ട ചുമതലകൾ ഇവിടെ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് നിർവഹിച്ചിട്ടില്ല എന്ന് ഇത് വ്യക്തമാക്കുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ കൃത്യമായി മോണിറ്ററിംഗ് നടത്തേണ്ടതും അധികച്ചെലവ് ഉണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഈ അപാകത ഓഡിറ്റ് എൻക്വയറി നം. 31/31.08.22 ലൂടെ നിർവഹണ ഉദ്യോഗസ്ഥയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## 1-35 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലുമുള്ള അപാകതകൾ

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2021-22 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ഉള്ള ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല. പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ്. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായാണ് പ്രവർത്തിക്കേണ്ടത്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ എല്ലാ ഫയലുകളും സൂക്ഷിച്ചിട്ടില്ല.

2.പ്രൊജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പല പ്രവർത്തികളിലും പാലിക്കപ്പെട്ടിട്ടില്ല. ലഭ്യമാക്കിയ പൂർത്തീകരണ പത്രങ്ങളിൽ പലതിലും തീയതി രേഖപ്പെടുത്തിയിട്ടില്ല.

3. കരാർ അംഗീകരിച്ചുകൊണ്ട് കരാറുകാരന് നൽകുന്ന സെലക്ഷൻ നോട്ടീസ് കരാറുകാരന് അയച്ചതിന്റെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവയിലൊന്നും തന്നെ ആയത് കൈപ്പറ്റി കരാറുകാരൻ, ഒപ്പും തീയതിയും രേഖപ്പെടുത്തിയിട്ടില്ല. തന്മൂലം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കകം കരാറിൽ ഏർപ്പെടുന്നുണ്ടോ?, ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നുണ്ടോ? തുടങ്ങിയ വിവരങ്ങളൊന്നും തന്നെ പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.

4. കരാറുകാരനുമായി ഏർപ്പെടുന്ന കരാറിൽ പിഴ ഈടാക്കുന്നത് സംബന്ധിച്ച്, 2012 ൽ ജി.ഒ.(പി) 13/2012 /PWD/01-02-2012 നമ്പർ ഉത്തരവ് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വിവിധ സെക്ഷനുകൾ അനുശാസിക്കും പ്രകാരമുള്ള വ്യവസ്ഥകളല്ല ഉൾപ്പെടുത്തിയിട്ടുള്ളത്.

5.1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 9 പ്രകാരം ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ കയ്യൊപ്പ് ടെണ്ടർ രജിസ്റ്ററിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

എന്നാൽ ടെണ്ടർ രജിസ്റ്ററിൽ ടി നടപടിക്രമങ്ങൾ പാലിച്ചിട്ടേയില്ല.

6. നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാരനുമായി വെച്ചിട്ടുള്ള ചില കരാറിൽ ഒന്നും രേഖപ്പെടുത്താതെ ശൂന്യമായി സൂക്ഷിച്ചിരിക്കുന്നു.

7. തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഹാജരാക്കിയ ആസ്തി രജിസ്റ്ററിൽ പല ആസ്തികളുടെയും നിർമ്മാണ വർഷം, നിർമ്മാണ ചെലവ് ഉടങ്ങിയവ രേഖപ്പെടുത്തിയിട്ടില്ല.

8. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 169 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011 ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ നിയമം അനുശാസിക്കുന്ന രീതിയിൽ നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ല.

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 32/31.08.22 ന് മേൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ബ്ലോക്ക് പഞ്ചായത്ത്

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് (ക്യാപിറ്റൽ) | 4081 | - | - | - | 4081 |
| ബ്ലോക്ക് പഞ്ചായത്ത് (റവന്യൂ) | 683987 | 3027500 | 1051455 | 2827500 | 200000 * |

2021-22 ൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച തുക

| ക്രമ നം. | പദ്ധതിയുടെ പേര് | തുക |
|---|---|---|
| 1. | ലൈഫ് ഭവന പദ്ധതി (SCP) | 1700000 |

| | | |
|---|---|---|
| 2. | ലൈഫ് അനുബന്ധ പ്രവർത്തനങ്ങൾ | 300000 |
| 3. | സ്നേഹ സ്പർശം | 427500 |
| 4. | ക്ഷീര സമൃദ്ധി പാലിന് സബ്സിഡി | 400000 |
| | | 2827500 |

ജില്ലാ പഞ്ചായത്ത്

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|
| 308028 | 718000 | 1026028 | 1145500 | NIL * |

2021-22 ൽ ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച തുക

| ക്രമ നം. | പദ്ധതിയുടെ പേര് | തുക |
|---|---|---|
| 1. | സ്നേഹ സ്പർശം | 427500 |
| 2. | ക്ഷീര സമൃദ്ധി പാലിന് സബ്സിഡി | 100000 |
| 3. | ന്യൂലൈഫ് ലക്ഷം വീട് കോളനി പുനരുദ്ധാരണം | 618000 |
| | | 1145500 |

* അപാകത ഖണ്ഡിക 1-2-2-9,1-2-2-10 കാണുക

## 4-2 നിക്ഷേപ പ്രവൃത്തികളുടെ വിശദാംശം

| | 2020-21 B-18, ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം RP-47 | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2021-22 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 2041863 | 1948000 | 3989863 | 2027159 | 1962704 | 1962704 |
| കെ.എസ്.ഇ.ബി | 283101 | - | - | - | 283101 | 283101 |
| പി.ഡബ്ല്യു.ഡി | 580000 | - | - | - | 580000 | 580000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പാ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പാ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | നൽകിയ ഏജൻസി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ച വായ്പ തുക | ആകെ | തൻവർഷം തിരിച്ചടച്ച് തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | KURDFC | 36547195 | 640000 | 37187195 | 3373333 | 33813862 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

ഇല്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഖണ്ഡികകളുടെ വിവരം

ഇല്ല

4-8 ചാർജ്ജ് / സർചാർജജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 24767452/-രൂപ |
| ഓഡിറ്റ് വർഷത്തെ വരവ് | 101232613/- രൂപ |
| ആകെ | 126000065/-രൂപ |
| ഓഡിറ്റ് വർഷത്തെ ചെലവ് | 114280745/- രൂപ |
| നീക്കിയിരിപ്പ് | 11719320/- രൂപ |
| വരവിനങ്ങളുടെ നഷ്ടം | -- |
| ചെലവിനങ്ങളുടെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 26,20,722/- രൂപ |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഖണ്ഡിക-1-22 | 40,000/- | ശ്രീമതി. ലക്ഷ്മി.M.R, VEO |

| | | |
|---|---|---|
| ഖണ്ഡിക-1-28 | 19,48,000/- | ശ്രീ. ഷിബു പ്രണാബ്, സെക്രട്ടറി |
| ഖണ്ഡിക-1-30 | 6,32,722/- | ശ്രീമതി. ഭാഗ്യലക്ഷ്മി.V.L, വെറ്ററിനറി സർജൻ |
| ആകെ | 26,20,722 /- | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാ സം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ.ഷിബു പ്രണാബ് R.S, സെക്രട്ടറി | സെക്രട്ടറി,അരുവിക്കര ഗ്രാമപഞ്ചായത്ത് | സാരംഗ്, ചെറുവള്ളി ലെയ്ൻ, ഏണിക്കര, കരകുളം പി.ഓ. |
| 2 | ശ്രീമതി.ലക്ഷ്മി.M.R,VEO | LWA | MVRA-65, മടത്തുവിളാകം, പേരൂർക്കട, തിരുവനന്തപുരം. |
| 3 | ശ്രീമതി.ഭാഗ്യലക്ഷ്മി.V.L, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, അരുവിക്കര ഗ്രാമപഞ്ചായത്ത് | KOURA-24 D, ലക്ഷ്മികാന്താ,വേട്ടമുക്ക്, വട്ടിയൂർക്കാവ്-695013. |

## 4-10 തീർപ്പാക്കാൻഅവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 5 |
| 2002-03 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 21 |
| 2003-04 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 4 |
| 2004-05 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 4 |
| 2005-06 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 2 |
| 2006-07 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 5 |
| 2007-08 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 4 |
| 2009-10 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 3 |
| 2010-11 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 7 |
| 2011-12 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 7 |
| 2012-13 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 10 |
| 2013-14 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 9 |
| 2014-15 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 4 |

| | | |
|---|---|---|
| 2015-16 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 8 |
| 2016-17 | കെ എസ് എ റ്റി വി എം/ജി പി 6/ 1352/18, തീ 31.05.2018 | 7 |
| 2017-18 | കെ എസ് എ റ്റി വി എം/ജി പി 6/ 2590/18, തീ 09.01.2020 | 24 |
| 2018-19 | കെ എസ് എ റ്റി വി എം/ജി പി 6/ 804/20, തീ 15.10.2020 | 40 |
| 2019-20 | കെ എസ് എ റ്റി വി എം/ജി പി 6/668/21, തീ 31.03.2021 | 50 |
| 2020-21 | കെ എസ് എ റ്റി വി എം/ജി പി 6/580/22, തീ 30.06.22 | 40 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്